07
2022
ജനുവരി
വെള്ളി
ധനു 23

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 217 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-217 പേജ് 4. വില 2.00 രൂപ




02 ആദ്യവർഷ എംബിബിഎസ് ക്ലാസുകൾ ആരംഭിക്കുന്നതിന് സജ്ജമാക്കും

03 ഹരിതോർജ്ജ ഇടനാഴി രണ്ടാം ഘട്ടത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

04 മന്ത്രിസഭയിൽ തർക്കം രൂക്ഷം ; ലൈഫ് സർവേക്കായുള്ള വകുപ്പ് ഏകോപനം മാറ്റിവച്ചു

# കെറെയിൽ എന്തു വിലകൊടുത്തും നടപ്പാക്കും: മുഖ്യമന്ത്രി



കുമളി: സംസ്ഥാനത്ത് കെറെയിൽ പദ്ധതി എന്തു വിലകൊടുത്തും നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെറെയിൽ പദ്ധതിയെ കോൺഗ്രസ് എതിർക്കുന്നത് വികസന വിരോധം കൊണ്ടാണ്. സിപിഎം ഇടുക്കി ജില്ലാ സമ്മേളനത്തിൻറെ സമാപന സമ്മേളനം കുമളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർവേക്കല്ലുകൾ പിഴുതെറിഞ്ഞ് പദ്ധതിയെത്തന്നെ ഇല്ലാതാക്കിക്കളയുമെന്നു കോൺഗ്രസിൻറെ ചില മുതിർന്ന നേതാക്കൾ ഇതിനോടകം പ്രഖ്യാപനം നടത്തിയതായി അറിയാൻ കഴിഞ്ഞു. ഇത് വിലപ്പോകില്ല. എതിർപ്പിൻറെ പ്രതീകമായി ചിലപ്പോൾ അവർക്ക് കുറച്ചു കല്ലുകൾ പിഴുതെറിയാൻ കഴിഞ്ഞേക്കും. എന്നാൽ പദ്ധതിയുമായി സർക്കാർ മുന്പോട്ടു പോകുകതന്നെ ചെയ്യും.

ജനവിരുദ്ധമായ ഒരു കാര്യവും സർക്കാർ ചെയ്യില്ലെന്നുറപ്പുള്ള ജനത കെറെയിൽ പദ്ധതി നടപ്പാക്കുന്നതിനോട് പൂർണമായി സഹകരിക്കുമെന്ന ഉറപ്പുണ്ട്. ഒരിക്കലും നടപ്പാകില്ലെന്നു കരുതിയ ഗെയിൽ പൈപ്പ് ലൈൻ പോലെയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള പാരമ്പര്യം സർക്കാരിനുണ്ടെന്ന കാര്യം വികസന പദ്ധതികൾക്ക് തുരങ്കം വയ്ക്കാൻ ശ്രമിക്കുന്നവർ മറക്കരുത്.

ഇടുക്കി ജില്ലയുടെ ഭൂപ്രശ്നങ്ങൾ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. ജില്ലയിലെ മുഴുവൻ ഭൂപ്രശ്നങ്ങളും പരിഹരിക്കുന്നതിന് മുൻഗണന നൽകിയുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. നിയുക്ത ജില്ലാ സെക്രട്ടറി സി.വി. വർഗീസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

# കെറെയിൽ: സംസ്ഥാനവ്യാപക സമരത്തിലേക്കു യുഡിഎഫ്




തിരുവനന്തപുരം: കെറെയിൽ വിഷയത്തിൽ സംസ്ഥാനവ്യാപക സമരത്തിനു യുഡിഎഫ്. ഭൂമി നഷ്ടമാകുന്നവരെയും പദ്ധതിയെ എതിർക്കുന്ന ജനകീയ സമിതികളെയും ഒരുമിച്ചു ചേർത്ത് ജനുവരിയിൽ നൂറു ജനകീയസദസുകൾ സംഘടിപ്പിക്കുമെന്നു യുഡിഎഫ് കൺവീനർ എം.എം. ഹസൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

കെറെയിൽ വിഷയം ചർച്ച ചെയ്യാൻ നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിക്കണം. പദ്ധതിയെക്കുറിച്ച് പൗരപ്രമുഖരോടു മാത്രം മുഖ്യമന്ത്രി സംസാരിക്കുന്നതു നിയമസഭയോടുള്ള അവഹേളനമാണ്. നിയമസഭയെ വിശ്വാസത്തിലെടുത്തു വേണം പ്രവർത്തിക്കാൻ.

പദ്ധതിയുടെ ദോഷവശം ജനങ്ങളെ അറിയിക്കുന്നതിനായുള്ള പ്രചാരണത്തിൻറെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രത്യേക സെമിനാറുകൾ യുഡിഎഫ് നടത്തും. പദ്ധതിമൂലം ഏറ്റവും കൂടുതൽ ദോഷം അനുഭവിക്കേണ്ടിവരുന്ന കൊല്ലം, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സ്ഥിരം സമരവേദിയിലൂടെ നിരന്തരം സമരം സംഘടിപ്പിക്കും.

യുഡിഎഫ് വികസനത്തെ തുരങ്കം വയ്ക്കുന്നുവെന്ന ആരോപണം ശരിയല്ല. അതിവേഗ പാതയുടെ ഇപ്പോഴത്തെ അപ്രായോഗികത തുറന്നു കാട്ടുന്നതിനാണു യുഡിഎഫ് ശ്രമം.

അതിനെ വികസനവിരുദ്ധമായി ചിത്രീകരിക്കുകയാണ്. പോലീസിനോടു യുദ്ധം ചെയ്യാൻ യുഡിഎഫില്ല. ജനകീയ പ്രതിഷേധത്തിലൂടെ പദ്ധതിയെ നേരിടും. കെറെയിൽ സർവേ കല്ലുകൾ പിഴുതെറിയുമെന്ന കോൺഗ്രസ് നിലപാടുതന്നെയാണു യുഡിഎഫിൻറേതെന്നും ഹസൻ കൂട്ടിച്ചേർത്തു.

# 393 കിലോമീറ്റർ ഭിത്തി വേണ്ടിവരും: ഇ. ശ്രീധരൻ

കൊച്ചി: സിൽവർ ലൈൻ പദ്ധതിക്കെതിരേ മെട്രോമാൻ ഡോ. ഇ. ശ്രീധരൻ. പദ്ധതി കേരളത്തെ രണ്ടായി മുറിക്കില്ലെന്ന മുഖ്യമന്ത്രി പിണറായി വിജയൻറെ അവകാശവാദം അദ്ദേഹം തള്ളി. സിൽവർ ലൈൻ ഭൂമിയിലൂടെ പോകുന്ന ഭാഗങ്ങളിലെല്ലാം ട്രാക്കിൻറെ ഇരുവശത്തും മനുഷ്യരും മൃഗങ്ങളും കുറുകെ കടക്കാത്ത തരത്തിൽ ഭിത്തി നിർമിക്കേണ്ടിവരുമെന്നും വേലികൾ അപര്യാപ്തമാണെന്നും അദ്ദേഹം പറഞ്ഞു.

ഇത്തരത്തിൽ 393 കിലോമീറ്റർ ഭാഗത്ത് ഭിത്തി കെട്ടുന്നത് കടുത്ത പരിസ്ഥിതി പ്രശ്നങ്ങൾക്കു കാരണമാകും.

വെള്ളം ഒഴുകിപ്പോകാനുള്ള സ്വാഭാവിക മാർഗങ്ങൾ തടസപ്പെടും. പെട്ടെന്നു വെള്ളപ്പൊക്കമുണ്ടാകുന്ന കുട്ടനാടിൻറെ അവസ്ഥയാവും ഈ 393 കിലോമീറ്ററിലും. 800 റെയിൽവേ റോഡ് ഓവർ ബ്രിഡ്ജോ റെയിൽവേ റോഡ് അണ്ടർ ബ്രിഡ്ജോ നിർമിക്കേണ്ടിവരും. ഓരോന്നിനും കുറഞ്ഞത് 20 കോടി രൂപയെങ്കിലും ചെലവ് വരും. ആകെ1,600 കോടി രൂപ.

# നവജാത ശിശുവിനെ തട്ടിക്കൊണ്ടുപോയി; കുഞ്ഞിനെ നതിരികെ കിട്ടാൻ കാരണം ടാക്സി ഡ്രൈവറുടെ ഇടപെടൽ



കോട്ടയം: മെഡിക്കൽ കോളജിൽനിന്ന് നവജാത ശിശുവിനെ കടത്തിക്കൊണ്ടുപോയി. മുണ്ടക്കയം സ്വദേശിനിയുടെ മൂന്നു ദിവസം മാത്രം പ്രായമുള്ള കുട്ടിയെ ആണ് തട്ടിക്കൊണ്ടുപോയത്. നഴ്സിംഗ് അസ്റ്റൻറ് എന്ന് പരിചയപ്പെടുത്തി എത്തിയ സ്ത്രീയാണ് കുട്ടിയെ എടുത്തുകൊണ്ടുപോയത്.

വ്യാഴാഴ്ച ഉച്ചയോടെ മെഡിക്കൽ കോളജിലെ പ്രസവവാർഡിലായിരുന്നു സംഭവം. കുട്ടിക്ക് മഞ്ഞ നിറമുണ്ടെന്നും കുട്ടികളുടെ തീവ്രപരിചരണ വിഭാഗത്തിൽ കാണിക്കണമെന്നും വിശ്വസിപ്പിച്ചായിരുന്നു കുട്ടിയെ എടുത്തുകൊണ്ടുപോയത്.

ഏറെനേരം കഴിഞ്ഞിട്ടും കുഞ്ഞിനെ കാണാതായതോടെ അമ്മ നഴ്സിംഗ് സ്റ്റേഷനിലെത്തി കുട്ടിയെ തിരക്കി. എന്നാൽ നഴ്സുമാരാരും കുഞ്ഞിനെ ആവശ്യപ്പെട്ട് ചെന്നിട്ടില്ലെന്ന വിവരമാണ് ലഭിച്ചത്. ഇതോടെ പരിഭ്രാന്തരായ കുഞ്ഞിൻറെ അമ്മയും ബന്ധുക്കളും ബഹളം വയ്ക്കുകയും പോലീസിൽ വിവരം അറിയിക്കുകയുമായിരുന്നു.

മെഡിക്കൽ കോളജിൽ നിന്നും യുവതി തട്ടിയെടുത്ത നവജാത ശിശുവിനെ തിരിച്ചു കിട്ടിയതിൽ നിർണായകമായത് ടാക്സി ഡ്രൈവറുടെ ഇടപെടൽ. തട്ടിയെടുത്ത കുഞ്ഞുമായി നഗരത്തിലെ ഹോട്ടലിൽ എത്തിയ യുവതി ഇവിടെ നിന്നും ടാക്സി വിളിച്ച് കൊച്ചിയിലേക്ക് കടക്കാനാണ് ലക്ഷ്യമിട്ടത്. ഇവർ ക്കൊപ്പം ഒരു ആൺകുട്ടിയുമുണ്ടായിരുന്നു.

കുഞ്ഞുമായി ഹോട്ടലിൽ എത്തിയ യുവതി റിസപ്ഷനിലേക്ക് വിളിച്ച് കൊച്ചിയിലെ അമൃത ആശുപത്രിയിലേക്ക് പോകാൻ ടാക്സി വേണമെന്ന് ആവശ്യപ്പെട്ടു. ഇതേ തുടർന്നു ഹോട്ടൽ ജീവനക്കാർ സമീപത്തെ ടാക്സി സ്റ്റാൻഡിൽ നിന്നും അലക്സ് എന്നയാളുടെ ടാക്സി വിളിച്ചു വരുത്തി.

നഅമൃതയിലേക്കാണ് യാത്രയെന്നും ഒരുനവജാത ശിശുവിനെ കൊണ്ടു പോകാനാണെന്നും ഹോട്ടൽ ജീവനക്കാർ പറഞ്ഞതോടെ കോട്ടയം മെഡിക്കൽ കോളജിൽ നിന്നും നവജാത ശിശുവിനെ കാണാതായിട്ടുണ്ടെന്ന വിവരം അലക്സ് ഇവരെ അറിയിച്ചു. തുടർന്ന് അലക്സ് ഹോട്ടൽ മാനേജരെയും മാനേജർ പോലീസിനേയും വിവരം അറിയിക്കുകയായിരുന്നു. വിവരം ലഭിച്ചയുടൻ ഹോട്ടലിൽ എത്തിയ പോലീസ് സംഘം കുഞ്ഞിനെ വീണ്ടെടുക്കുകയും യുവതിയെ കസ്റ്റഡി യിലെടുക്കുകയും ചെയ്തു.



## ശിവശങ്കർ സ്പോർട്സ് യുവജനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

തിരുവനന്തപുരം: സസ്പെൻഷനിലായിരുന്ന മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം.ശിവശങ്കറിനെ സ്പോർട്സ് യുവജനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിച്ചു. ഇന്ന് സെക്രട്ടേറിയറ്റിലെത്തിയ ശിവശങ്കർ സസ്പെൻഷൻ പിൻവലിച്ച ഉത്തരവ് കൈപ്പറ്റിയിരുന്നു.

മുൻ ഐടി പ്രിൻസിപ്പൽ സെക്രട്ടറികൂടിയായ ശിവശങ്കറിനെ ബുധനാഴ്ച മുതൽ സർവീസിൽ തിരിച്ചെടുത്തുകൊണ്ടു ചീഫ് സെക്രട്ടറി വി.പി. ജോയ് ഉത്തരവി റക്കിയിരുന്നു.

സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ടു കസ്റ്റംസും എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റും റജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതിയായിരുന്ന ശിവശങ്കറിനെ സർവീ സിൽ തിരികെ പ്രവേശിപ്പിക്കണമെന്നു ചീഫ് സെക്രട്ടറി അധ്യക്ഷനായ സസ്പെൻഷൻ പുനരവലോകന സമിതി ശിപാർശ ചെയ്തിരുന്നു.

# കണ്ണൂർ സർവകലാശാലയിൽ നടന്നത് ചട്ടവിരുദ്ധ നിയമനം: ഹൈക്കോടതി

കൊച്ചി: കണ്ണൂർ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ നിയമനം ചട്ടവിരുദ്ധമെന്ന് ഹൈക്കോടതി പ്രാഥമികമായി വ്യക്തമാക്കി.

ചാൻസലർ കൂടിയായ ഗവർണർ നാമനിർദേശം ചെയ്യുന്നവരെയാണ് ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് സിൻഡിക്കേറ്റ് നിയമിക്കേണ്ടതെന്ന വ്യവസ്ഥയടക്കം പാലിച്ചിട്ടില്ലെന്നും കോടതി നിരീക്ഷിച്ചു.

സർവകലാശാലാ സെനറ്റംഗം വി. വിജയകുമാർ നൽകിയ അപ്പീലിൽ ചീഫ് ജസ്റ്റീസ് എസ്. മണികുമാർ, ജസ്റ്റീസ് ഷാജി പി. ചാലി എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിൻറേതാണ് ഇടക്കാല ഉത്തരവ്.

ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ നിയമിച്ച് രജിസ്ട്രാർ ഇൻ ചാർജ് ഇറക്കിയ ഉത്തരവ് പ്രഥമികമായി പരിഗണിക്കുമ്പോൾ 1996 ലെയും 98 ലെയും സർവകലാശാലാ ചട്ടങ്ങളുടെ ലംഘനമാണെന്ന് വിലയിരുത്തിയാണ് കോടതിയുടെ തീരുമാനം. ചട്ടലംഘനം നടന്നെന്നു വ്യക്തമായ സാഹചര്യത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് രജിസ്ട്രാർ മുഖേന പ്രത്യേക ദൂതൻ വഴി നോട്ടീസ് അയയ്ക്കാനും കോടതി ഉത്തരവിട്ടു.

സർവകലാശാലാ ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് നിയമനം നടത്തിയിരിക്കുന്നത്. സർവകലാശാലയിലെ വിവിധ വിഷയങ്ങൾക്കുള്ള 72 ബോർഡുകളാണ് പുനഃസംഘടിപ്പിച്ചത്. സർക്കാർ, എയിഡഡ് കോളജുകളിലെ മുതിർന്ന അധ്യാപകരെപ്പോലും ഒഴിവാക്കി യുജിസി യോഗ്യതകളില്ലാത്ത സ്വാശ്രയ കോളജ് അധ്യാപകരെയും കരാർ അധ്യാപകരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നതടക്കം ആരോപിച്ചാണ് ഹർജി നൽകിയിരുന്നത്.

## വാളയാർ ചെക്ക് പോസ്റ്റ് കൈക്കൂലി: ആറ് ആർടിഒ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: വാളയാർ മോട്ടോർവാഹന ചെക്ക് പോസ്റ്റിൽ കൈക്കൂലി പിടിച്ച സംഭവത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി. ആറ് ആർടിഒ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു.

വിജിലൻസിൻറെ മിന്നൽ പരിശോധനയിൽ 67,000 രൂപ പിടിച്ചെടുത്തിരുന്നു. കൈക്കൂലിയായി പഴങ്ങളും പച്ചക്കറികളും ഉദ്യോഗസ്ഥർ സ്വീകരിക്കാറുണ്ടെന്നും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. പിന്നാലെയാണ് നടപടി.

# മുഖ്യമന്ത്രി ചികിത്സയ്ക്കായി അമേരിക്കയിലേക്ക്

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ ചികിത്സയ്ക്കായി അമേരിക്കയിലേക്ക്. മിനസോഡയിലെ മയോ ക്ലിനിക്കിൽ ചികിത്സ തേടാനാണ് അദ്ദേഹം പോകുന്നത്. ഈ മാസം പതിനഞ്ചിന് അദ്ദേഹം അമേരിക്കയിലേക്ക് പോകും.

തുടർ ചികിത്സകൾക്കായാണ് മുഖ്യമന്ത്രി അമേരിക്കയിലേക്ക് പോകുന്നത്. നേരത്തെ അമേരിക്കയിൽ ചികിത്സ നടത്തിയിരുന്നു. ഭാര്യ കമല, പേഴ്സണൽ അസിസ്റ്റൻറ് സുനീഷ് എന്നിവരും മുഖ്യമന്ത്രിക്കൊപ്പം ഉണ്ടാകും.

പതിനഞ്ച് മുതൽ 29ാം തീയതി വരെ അമേരിക്കയിലുണ്ടാകും. എല്ലാ ചെലവും സർക്കാർ വഹിക്കുമെന്ന് ചീഫ് സെക്രട്ടറി വി.പി.ജോയി ഇറക്കിയ ഉത്തരവിൽ പറയുന്നു.

## ഫാം തൊഴിലാളികളുടെ ശന്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു

തിരുവനന്തപുരം: കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം തുടങ്ങിയ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ ശന്പള പരിഷ്കരണ റിപ്പോർട്ട് ശന്പള പരിഷ്കരണ സമിതി, കൃഷിമന്ത്രി പി. പ്രസാദിനും മൃഗസംരക്ഷണ മന്ത്രി ചിഞ്ചുറാണിക്കും സമർപ്പിച്ചു. സ്ഥിരം തൊഴിലാളികളുടെ ശന്പളം മുൻകാലങ്ങളിലേതുപോലെ ക്ലാസ് ഫോർ ജീവനക്കാരുടേതിനു തുല്യമായാണ് റിപ്പോർട്ടിൽ ശിപാർശ ചെയ്തത്. റിസ്ക് അലവൻസ് സ്വീവേജ് ഫാമിനു പുറമേ മൃഗസംരക്ഷണ വകുപ്പിലെ തൊഴിലാളികൾക്കുകൂടി ബാധകമാക്കുന്നതിനും സമിതി ശിപാർശ നൽകി.

## രഞ്ജിത്ത് ചലച്ചിത്ര അക്കാദമി ചെയർമാൻ

തിരുവനന്തപുരം: സംവിധായകൻ രഞ്ജിത്തിനെ കേരള ചലച്ചിത്ര അക്കാദമി ചെയർമാനായി നിയമിച്ചു. ഇതു സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങി. സംവിധായകൻ കമലിൻറെ കാലാവധി പൂർത്തിയായ ഒഴിവിലേക്കാണ് നിയമനം. മൂന്ന് വർഷത്തേക്കാണ് നിയമനം.

കഴിഞ്ഞ ആഴ്ച്ച ചേർന്ന സിപിഎം സെക്രട്ടറിയേറ്റ് യോഗത്തിലാണ് ചലച്ചിത്ര അക്കാദമി ചെയർമാനായി രഞ്ജിത്തിനെ പരിഗണിക്കാൻ തീരുമാനമായത്. അതേസമയം, സംഗീത നാടക അക്കാദമി ചെയർമാനായി എം.ജി. ശ്രീകുമാറിനെ നിയമിക്കാൻ ആലോചിച്ചെങ്കിലും എതിർപ്പ് ഉയർന്ന സാഹചര്യത്തിൽ തീരുമാനമായില്ല. നടി കെപിഎസി ലളിതയാണ് നിലവിൽ സംഗീത നാടക അക്കാദമി ചെയർപേഴ്സൺ.

# സംസ്ഥാന വനം കായികമേള 10 മുതൽ തിരുവനന്തപുരത്ത്

തിരുവനന്തപുരം: 27ാമത് സംസ്ഥാന വനം കായികമേള 10 മുതൽ 12 വരെ തിരുവനന്തപുരത്ത് നടത്തും. 10 വേദികളിലായി 16 മത്സര ഇനങ്ങളിൽ 1200 കായികതാരങ്ങൾ പങ്കെടുക്കും. ഉദ്ഘാടനത്തിനു മുന്നോടിയായി 10ന് രാവിലെ വനംവകുപ്പ് ആസ്ഥാനത്തുനിന്നു കനകക്കുന്നിലേക്കു കൂട്ട ഓട്ടം സംഘടിപ്പിക്കുമെന്നു മന്ത്രി എ.കെ. ശശീന്ദ്രൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

മേളയുടെ ഉദ്ഘാടനം 11ന് രാവിലെ ഒന്പതിന് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിക്കും. മന്ത്രി ആൻറണി രാജു അധ്യക്ഷത വഹിക്കും. ശശി തരൂർ എംപി മുഖ്യാതിഥിയാകും.

വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ്കുമാർ സിൻഹ, വനം മുഖ്യ മേധാവി പി.കെ. കേശവൻ, കൗൺസിലർമാരായ പാളയം രാജൻ, രാഖി രവികുമാർ തുടങ്ങിയവർ പങ്കെടുക്കും. വനം വകുപ്പിൻറെ അഞ്ച് സർക്കിളുകൾ, കെഎഫ്ഡിസി, കെഎഫ്ആർഐ, തുടങ്ങിയ വിഭാഗങ്ങൾ പങ്കെടുക്കും.

മിന്ന എന്ന ആനക്കുട്ടിയാണു മേളയുടെ ഔദ്യോഗിക ചിഹ്നം. കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിലെ ആനക്കുട്ടിയാണു മിന്ന. വനം വകുപ്പിൽ ഡിഎഫ്ഒ ബി.എൻ.നാഗരാജാണു മേളയുടെ ലോഗോ തയാറാക്കിയത്. മേളയോടനുബന്ധിച്ച് 11ന് വൈകുന്നേരം 6.30 ന് സൂര്യകാന്തി ഓഡിറ്റോറിയത്തിൽ ചലച്ചിത്ര പിന്നണിഗായിക പ്രമീള നയിക്കുന്ന ഗാനമേളയും ഉണ്ടാകും. വിജയികൾ ദേശീയ വനം കായികമേളയിൽ കേരളത്തെ പ്രതിനിധീകരിക്കും. കഴിഞ്ഞ ദേശീയ വനം കായികമേളയിൽ കേരളം മൂന്നാം സ്ഥാനം നേടിയിരുന്നു. പത്രസമ്മേളനത്തിൽ മുഖ്യ വനം മേധാവി പി.കെ. കേശവൻ, എപിസിസിഎഫ് രാജേഷ് രവീന്ദ്രൻ എന്നിവർ പങ്കെടുത്തു.



സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പും കേരളാ ഡിജിറ്റൽ യുണിവേഴ്സിറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന ഇ- സമൃദ്ധ പദ്ധതി സംബന്ധിച്ച ധാരണാപത്രം മൃഗസംരക്ഷണ - ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണിയുടെ സാന്നിധ്യത്തിൽ കൈമാറുന്നു

# കോന്നി മെഡിക്കൽ കോളേജിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ 19.64 കോടി: മന്ത്രി വീണാ ജോർജ്

## ■ ആദ്യവർഷ എംബിബിഎസ് ക്ലാസുകൾ ആരംഭിക്കുന്നതിന് സജ്ജമാക്കുക ലക്ഷ്യം

കോന്നി മെഡിക്കൽ കോളേജിൽ മെഡിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങാൻ 19,63,90,095 രൂപയുടെ അനുമതി നൽകാൻ കിഫ്ബി നടപടികൾ സ്വീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എത്രയും വേഗം ഭരണാനുമതി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ സമർപ്പിക്കാൻ ഹൈറ്റ്സിനോട് കിഫ്ബി ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യവർഷ എംബിബിഎസ് ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള സാധന സാമഗ്രികൾക്കുള്ള തുകയാണിത്. ഇത് യാഥാർത്ഥ്യമാകുമ്പോൾ ജനങ്ങൾക്ക് മികച്ച ചികിത്സാ സൗകര്യങ്ങൾ ലഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അത്യാഹിത വിഭാഗം 2.09 കോടി രൂപ, മാതൃ, നവജാത ശിശു സംരക്ഷണം ഉൾപ്പെടെയുള്ള വിഭാഗത്തിന് 2.12 കോടി, മോഡ്യുലാർ ലാബ് 2.47 കോടി, 2 മോഡ്യുലാർ ഓപ്പറേഷൻ തീയറ്റർ 1.4 കോടി, ഓപ്പറേഷൻ തീയറ്ററിനാവശ്യമായ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സംവിധാനം 2.87 കോടി, ബ്ലഡ് ബാങ്ക് 1.15 കോടി, അനാട്ടമി, ബയോകെമിസ്ട്രി, ഫിസിയോളജി വിഭാഗങ്ങൾക്ക് 3.32 കോടി, മൈക്രോബയോളജി, പത്തോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങൾക്കായി 1.69 കോടി, ലെക്ചർ ഹാൾ, അനാട്ടമി മ്യൂസിയം എന്നിവയ്ക്ക് 1.7 കോടി എന്നിങ്ങനെയാണ് വിവിധ വിഭാഗങ്ങൾക്ക് അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്നത്. മെഡിക്കൽ കോളേജിന്റെ ആദ്യഘട്ട നിർമ്മാണം പൂർത്തിയായി. ഒപി, ഐപി, അത്യാഹിത വിഭാഗം എന്നിവ പ്രവർത്തനം ആരംഭിച്ചു. നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അനുമതിയ്ക്കായി മതിയായ ജീവനക്കാരെ നിയമിച്ചു. കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 218.39 കോടി രൂപ അനുവദിച്ചിരുന്നു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന് പുറമേയാണ് ആദ്യ വർഷ ക്ലാസ് തുടങ്ങുന്നതിനാവശ്യമായ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നത്.

# കോവിഡ് കേസുകളിലെ പുതിയ കുതിച്ചുചാട്ടം കൈകാര്യം ചെയ്യുന്നതിൽ അടിയന്തര ശ്രദ്ധ വേണമെന്ന് ഉപരാഷ്ട്രപതി

കൊവിഡ് കേസുകളുടെ പുതിയ കുതിച്ചുചാട്ടത്തെ നേരിടാനും ഭൂതകാലത്തിൽ നിന്നുള്ള പാഠങ്ങൾ പ്രയോഗിക്കാനും അടിയന്തര ശ്രദ്ധ വേണമെന്ന് ഉപരാഷ്ട്രപതി ശ്രീ എം. വെങ്കയ്യ നായിഡു ഇന്ന് ആഹ്വാനം ചെയ്തു. മാസ്ക് ധരിക്കുക, ശാരീരിക അകലം പാലിക്കുക, വാക്സിനേഷൻ എടുക്കുക എന്നിവ ഉൾപ്പെടെ എല്ലാ സമയത്തും കോവിഡ് പ്രോട്ടോക്കോൾ പാലിക്കണമെന്നും അദ്ദേഹം എല്ലാവരോടും അഭ്യർത്ഥിച്ചു.

പുതുതായി വാക്സിൻ എടുക്കാൻ അർഹരായ പ്രായത്തിലുള്ള കുട്ടികൾക്ക് എത്രയും വേഗം വാക്സിനേഷൻ എടുക്കണമെന്ന് അവരുടെ രക്ഷിതാക്കളോട് ശ്രീ നായിഡു അഭ്യർത്ഥിച്ചു.

പൊതുബോധമുള്ള വ്യക്തികളോടും, വിവിധ സാമൂഹിക സംഘങ്ങളോടും, മെഡിക്കൽ പ്രൊഫഷണലുകളോടും സർക്കാരിനോടും കഴിയുന്നത്ര ആളുകളിലേക്ക് എത്തിച്ചേരാനും വാക്സിൻ എടുക്കാനുള്ള മടിയിൽ നിന്നും അത്തരം ആളുകളെ മുക്തരാക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

അമേരിക്കൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യൻ ഒറിജിൻ (എഎപിഐ) സംഘടിപ്പിച്ച 15ാമത് ഗ്ലോബൽ ഹെൽത്ത് സമ്മിറ്റിനുള്ള റെക്കോർഡ് ചെയ്ത ഉദ്ഘാടന സന്ദേശത്തിൽ സംസാരിക്കവെ, അടുത്തിടെ അംഗീകരിച്ച കോർബെവാക്സ്, കോവോവാക്സ് വാക്സിനുകൾ നിർമ്മിക്കുന്നതിന് ഇന്ത്യൻ സ്ഥാപനങ്ങൾ യുഎസ് ആസ്ഥാനമായുള്ള വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചതായി ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി

ഗ്രാമങ്ങളിലേക്കും വിദൂര പ്രദേശങ്ങളിലേക്കും ആരോഗ്യ സേവനങ്ങൾ മികച്ച രീതിയിൽ എത്തിച്ചേരുന്നതിന് ടെലി ഹെൽത്തിന്റെയും മറ്റ് സാങ്കേതിക പരിഹാരങ്ങളുടെയും ഉപയോഗം സംബന്ധിച്ച സാധ്യതകൾ പരിശോധിക്കാനും ശ്രീ നായിഡു നിർദ്ദേശിച്ചു.

ഇക്കാര്യത്തിൽ, ഇന്ത്യയിലെ നിരവധി ഹെൽത്ത്ടെക് സ്റ്റാർട്ടപ്പുകളുടെ സ്വാഗതാർഹമായ പ്രവണത അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ഗ്രാമപ്രദേശങ്ങളിൽ അവരുടെ ആരോഗ്യ സംരക്ഷണ സേവനങ്ങൾ വർദ്ധിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

# ഫെബ്രുവരിയിൽ തദ്ദേശ ദിനാഘോഷം സംഘടിപ്പിക്കും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

സംസ്ഥാനത്ത് ഗ്രാമനഗര വ്യത്യാസമില്ലാതെ ഫെബ്രുവരി 18,19,20 തിയതികളിൽ തദ്ദേശ ദിനാഘോഷം സംഘടിപ്പിക്കുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. വകുപ്പ് സംയോജനത്തിന് മുമ്പ് പഞ്ചായത്ത് ദിനാഘോഷവും മുനിസിപ്പൽ ദിനാഘോഷവുമൊക്കെ നടത്തിയിരുന്നു. വകുപ്പ് സംയോജനം യാഥാർത്ഥ്യമാകുന്ന സാഹചര്യത്തിൽ ഇനിമുതൽ തദ്ദേശ ദിനാഘോഷമാണ് സംഘടിപ്പിക്കുകയെന്ന് മന്ത്രി വ്യക്തമാക്കി. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ബൽവന്ത് റായ് മേത്തയുടെ ജൻമദിനമായ ഫെബ്രുവരി 19ന് തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി പ്രതിനിധി സമ്മേളനം സംഘടിപ്പിക്കും. പുരസ്കാര വിതരണവും അന്ന് നടത്തും. തദ്ദേശ ദിനാഘോഷം ഗ്രാമനഗര സംവിധാനങ്ങൾ ഒന്നിച്ച് നടത്തുന്നതിനാൽ ത്രിതല പഞ്ചായത്ത് അസോസിയേഷനുകളെ കൂടാതെ മുനിസിപ്പൽ, മേയർ അസോസിയേഷനുകളും സംഘാടക സമിതിയുടെ ഭാഗമാകും. പഞ്ചായത്ത് സംവിധാനത്തിന് നൽകിയിരുന്ന സ്വരാജ് ട്രോഫി മുനിസിപ്പൽ കോർപ്പറേഷനും ഈ വർഷം മുതൽ നൽകും. തൊഴിലുറപ്പ് മേഖലയിൽ ഏർപ്പെടുത്തിയ മഹാത്മാ പുരസ്കാരം നഗരമേഖലയിലും നൽകുമെന്ന് മന്ത്രി പറഞ്ഞു. തദ്ദേശ ദിനാഘോഷത്തിന്റെ സംസ്ഥാന സംഘാടക സമിതി രൂപീകരണ യോഗം ഫെബ്രുവരി 12ന് വൈകുന്നേരം അഞ്ച് മണിക്ക് തിരുവനന്തപുരത്തെ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഹാളിൽ നടക്കും.

# മൂന്നാർ ബോഡിമേട്ട് ദേശീയപാത ഭൂരിഭാഗവും ഫെബ്രുവരിയിൽ പൂർത്തിയാക്കും; വനംവകുപ്പിന്റെ അനുമതിക്കായി പ്രത്യേകയോഗം

ദേശീയ പാത 85 ൽ മൂന്നാർ ബോഡിമെട്ട് റോഡിൽ വനംവകുപ്പിന്റെ അനുമതി ആവശ്യമില്ലാത്ത മുഴുവൻ സ്ഥലങ്ങളിലേയും പ്രവൃത്തി ഫെബ്രുവരി മാസത്തിൽ പൂർത്തീകരിക്കാൻ തീരുമാനം.

പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നത ഉദ്യോഗസ്ഥതല യോഗത്തിലാണ് തീരുമാനം. വനം വകുപ്പിന്റെ അനുമതിയുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കാൻ ഇടുക്കി ജില്ലാ കലക്ടറെ ചുമതലപ്പെടുത്തി. ഒരാഴ്ചക്കുള്ളിൽ ജില്ലാ കലക്ടർ ഇതിനായി പ്രത്യേക യോഗം വിളിക്കും.

41.78 കിലോമീറ്ററിൽ 3.32 കിലോമീറ്ററിലാണ് വനംവകുപ്പിന്റെ അനുമതി ആവശ്യം. ബാക്കി 38.46 കിലോമീറ്റർ റോഡിന്റേയും പ്രവൃത്തി പുരോഗതി യോഗം വിലയിരുത്തി. ബാക്കിയുള്ള എല്ലാ പ്രവൃത്തിയും അടിയന്തിരമായി പൂർത്തിയാക്കാൻ മന്ത്രി കരാറുകാർക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. ഇനി പദ്ധതിയിൽ ഒരു തരത്തിലുള്ള കാലതാമസവും അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

വനംവകുപ്പിന് കൈമാറാനുള്ള ഫണ്ട് പൂർണ്ണതോതിൽ കൈമാറുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തെ സമീപിക്കും. വനംവകുപ്പിന്റെ അനുമതി ലഭിക്കേണ്ട മേഖലകളിൽ ഏപ്രിലോടെ പ്രവൃത്തി പൂർത്തിയാക്കാനാകുന്ന തരത്തിൽ ക്രമീകരിക്കാനും യോഗം തീരുമാനിച്ചു.

പൊതുമരാമത്ത് സെക്രട്ടറി ആനന്ദ് സിംഗ്, ഇടുക്കി ജില്ലാ കലക്ടർ ഷീബാ ജോർജ്ജ്, ദേശീയ പാതാ വിഭാഗം ചീഫ് എൻജിനിയർ അശോക് കുമാർ, മൂന്നാർ ഡി എഫ് ഒ, ഉദ്യോഗസ്ഥർ, കരാറുകാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## കോന്നിവനമേഖലയിൽ മൃതദേഹാവശിഷ്ടം

പത്തനംതിട്ട: കോന്നി വനമേഖലയിൽ മൃതദേഹത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തി. സെപ്റ്റംബറിൽ വനത്തിനുള്ളിൽ കാണാതായ ദമ്പതികൾക്ക് വേണ്ടി വനംവകുപ്പ് സംഘം പരിശോധന നടത്തിവരികയായിരുന്നു. ഇതിനിടെയാണ് ഉൾവനത്തിൽ തലയോട്ടിയും അസ്ഥികളും ഉൾപ്പടെയുള്ളവ കണ്ടെത്തിയത്.

കൊക്കാത്തോട് കോട്ടമൺപാറ ഗിരിജൻ കോളനിയിൽ ശശി (22), ഭാര്യ സുനിത (24) എന്നിവരെയാണ് കാണാതായത്. വനത്തിൽ നിന്നും തേനും കുന്തിരിക്കവും ശേഖരിക്കാൻ പോയ ഇരുവരെയും കാണാനില്ലെന്ന് കാട്ടി യുവതിയുടെ പിതാവ് അച്യുതൻ ജനുവരി ഒന്നിനാണ് പോലീസിൽ പരാതി നൽകിയത്.

പിന്നാലെ കോന്നി പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

# 'എന്റെ ജില്ല' ആപ്പിന്റെ പോസ്റ്റർ പ്രകാശനം

കൊല്ലം: ജില്ലയിലെ സർക്കാർ ഓഫീസുകൾ ഒറ്റ ക്ലിക്കിലൂടെ കണ്ടെത്താനും വിവരങ്ങൾ അറിയാനും തയ്യാറാക്കിയ 'എന്റെ ജില്ല' ആപ്പിന്റെ പ്രചാരണാർഥം തയ്യാറാക്കിയ പോസ്റ്ററിന്റെ പ്രകാശനം ജില്ലാ കലക്ടർ അഫ്സാന പർവീൺ ചേംബറിൽ നിർവഹിച്ചു. ജില്ലാ ഭരണകൂടം, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ എന്നിവ സംയുക്തമായി തയ്യാറാക്കിയ ആപ്പിൽ റവന്യൂ, പോലീസ്, ആർ.ടി.ഒ, എക്സൈസ്, ആരോഗ്യം, ഫിഷറീസ്, കൃഷി തുടങ്ങി ജില്ലയിലെ 20 വകുപ്പുകളുടെ ഓഫീസുകളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാണ്. അക്ഷയ, ട്രഷറി, കെ.എസ്.ആർ.ടി.സി ഡിപ്പോകൾ തുടങ്ങിയ അവശ്യ സേവനങ്ങളും വിരൽത്തുമ്പിൽ അറിയാം. കേന്ദ്ര സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം ഗൂഗിൾ മാപ്പിലൂടെ കണ്ടെത്താനും ഫോൺ നമ്പറുകൾ, ഇമെയിൽ എന്നിവ വഴി നേരിട്ട് ബന്ധപ്പെടാനും ആപ്പ് സഹായകമാണ്. ഓഫീസിൽ നിന്നും ലഭ്യമായ സേവനം പൊതുജനങ്ങൾക്ക് റേറ്റിങ്ങിലൂടെ വിലയിരുത്താനുമാകും. അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവുമുണ്ട്. ഇതുവഴി പരാതികളും അറിയിക്കാം.

സംസ്ഥാനത്തെ ഏത് ജില്ലയിലെയും വിവരങ്ങൾ ഓപ്ഷൻ കൊടുക്കുന്നതിനനുസരിച്ച് ആപ്പിൽ ലഭ്യമാണ്. ആപ്പ് ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ജില്ലയിലെ വിവിധ വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണം നടത്തിയാണ് ആപ്പിൽ അപ്ഡേഷൻ നടത്തുന്നത്. ഓഫീസുകളെ കുറിച്ചുള്ള വിലയിരുത്തലുകൾ ജില്ലാ കലക്ടർ തന്നെ കൃത്യമായ ഇടവേളകളിൽ പരിശോധിക്കും.

ചടങ്ങിൽ ജില്ലാ വികസന കമ്മിഷണർ ആസിഫ് കെ. യൂസഫ്, എ.ഡി.എം എൻ. സാജിതാ ബീഗം തുടങ്ങിയവർ പങ്കെടുത്തു.

## ട്രഷറി ഓൺലൈൻ സേവനങ്ങൾ തടസ്സപ്പെടും

ട്രഷറി സെർവറിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ജനുവരി ഒന്നിന് വൈകിട്ട് ആറ് മുതൽ ജനുവരി രണ്ടിന് വൈകിട്ട് ആറ് വരെയും ജനുവരി ഏഴിന് വൈകിട്ട് ആറ് മുതൽ ജനുവരി ഒൻപത് വൈകിട്ട് ആറ് വരെയും ട്രഷറി ഓൺലൈൻ സേവനങ്ങൾ ലഭ്യമാവുകയില്ല. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ മുൻകൂട്ടി ഇടപാടുകൾ നടത്തണം.

# ബിഹാറിൽ 84കാരൻ വാക്സിൻ എടുത്തത് 11 തവണ

പാറ്റ്ന: രാജ്യത്ത് രണ്ടാം ഡോസ് വാക്സിൻപോയിട്ട് ഒന്നാം ഡോസ് പോലും ലഭിക്കാതെ നിരവധി പേരുള്ളപ്പോൾ ബിഹാറിൽ 84കാരൻ കുത്തിവയ്പ്പെടുത്തത് 11 തവണ. മധേപുര ജില്ലയിലെ പുരാനി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ഒറായി ഗ്രാമവാസിയായ ബ്രഹ്മദേവ് മണ്ഡൽ ആണ് 11 തവണ വാക്സിൻ സ്വീകരിച്ചെന്ന് വെളിപ്പെടുത്തിയത്.

12 ാം തവണ വാക്സിൻ എടുക്കാനെത്തിയപ്പോഴാണ് ഇയാൾ പിടിയിലായത്. വാക്സിൻ തനിക്ക് വളരെ അധികം ഗുണം ചെയ്തതിനാലാണ് താൻ ആവർത്തിച്ച് വാക്സിൻ എടുത്തതെന്ന് മണ്ഡൽ പറയുന്നു. റിട്ട. പോസ്റ്റൽ ജീവനക്കാരനാണ് മണ്ഡൽ.

ഇദ്ദേഹം ഫെബ്രുവരി 13 ന് ആണ് ആദ്യ ഡോസ് സ്വീകരിക്കുന്നത്. ഡിസംബർ 30 വരെ 11 ഡോസ് വാക്സിൻ എടുത്തു. തനിക്ക് വാക്സിൻ ലഭിച്ച സ്ഥലവും തീയതിയും സമയവും പോലും അദ്ദേഹം എഴുതിവച്ചിരുന്നു. രാജ്യത്തെ എല്ലാവരും വാക്സിൻ എടുക്കണമെന്നും മണ്ഡൽ ആവശ്യപ്പെട്ടു.

എട്ട് തവണ വാക്സിൻ എടുത്തത് തൻറെ ആധാർ കാർഡും ഫോൺ നമ്പറും നൽകിയാണെന്ന് മണ്ഡൽ പറയുന്നു. മറ്റ് മൂന്ന് തവണ തൻറെ വോട്ടർ ഐഡി കാർഡും ഭാര്യയുടെ ഫോൺ നമ്പറും ഉപയോഗിച്ചാണ് വാക്സിൻ എടുത്തതെന്ന് ഇയാൾ വെളിപ്പെടുത്തി.

സംഭവത്തിൽ മധേപുര ജില്ലാ അധികൃതർ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. പിഎച്ച്സികളിലെയും ക്യാമ്പുകളിലെയും ഉദ്യോഗസ്ഥരിൽ നിന്ന് വിശദമായ റിപ്പോർട്ട് തേടുക!യും ചെയ്തു.

# 2021: ദക്ഷിണ റെയിൽവേയുടെ റെയിൽ ശൃംഖലാ വിപുലീകരണം സ്ഥിരതയോടെ മുന്നേറിയ വർഷം

മെച്ചപ്പെട്ട ഗതാഗതവും, വിപുലവുമായ ചരക്കുഗതാഗതവും സാധ്യമാക്കുന്നതിനുള്ള റെയിൽ ശൃംഖലാ വിപുലീകരണം ലക്ഷ്യമിട്ട് ദക്ഷിണ റെയിൽവേ (ടഞ) സ്ഥിരതയോടെ പ്രവർത്തിക്കുന്നു.

• അമ്പലപ്പുഴഹരിപ്പാട് (18.13 കി.മീ) സെക്ഷനിൽ ഉൾപ്പെടെ ആകെ 183 കിലോമീറ്റർ പാത ഇരട്ടിപ്പിക്കൽ ജോലികൾ പൂർത്തിയായി.

• 2023 ഡിസംബറോടെ റെയിൽ ശൃംഖലയുടെ 100 ശതമാനവും വൈദ്യുതീകരിക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ദക്ഷിണ റെയിൽവേ ഒട്ടേറെ വൈദ്യുതീകരണ പദ്ധതികൾ അതിവേഗം പൂർത്തിയാക്കി വരുന്നു.

• മൊത്തം 310 ഞസാ ന്റെ വൈദ്യുതീകരണ ജോലികൾ 2021 ൽ പൂർത്തിയായി

• 2021ൽ ഒഴിവാക്കാവുന്ന പിഴവുകൾ മൂലമുള്ള ട്രെയിൻ അപകടങ്ങൾ ഉണ്ടായിട്ടില്ല.

• 2021ൽ 40 ലെവെൽ ക്രോസിങ്ങുകൾ ഒഴിവാക്കുകയും, 60 ലെവെൽ ക്രോസിങ്ങുകൾ ഇന്റർലോക്ക് ചെയ്യുകയും ചെയ്തു.

• പാലക്കാട്, ചെന്നൈ ഡിവിഷനുകളിലെ ഇന്റർലോക്ക് ചെയ്യാത്ത എല്ലാ ലെവെൽ ക്രോസിംഗ് ഗേറ്റുകളും ഒഴിവാക്കി.

• ദക്ഷിണ, ദക്ഷിണ മധ്യ, തെക്കുപടിഞ്ഞാറൻ റെയിൽവേകളിൽ പാസഞ്ചർ റിസർവേഷൻ സംവിധാനം (ജഞട), അൺറിസർവ്ഡ് ടിക്കറ്റിംഗ് സംവിധാനം (ഡഠട), മൊബൈൽ ടിക്കറ്റിംഗ് സംവിധാനം എന്നിവ നിറവേറ്റുന്ന ചെന്നൈയിലെ ദക്ഷിണ റെയിൽവേ ഡാറ്റാ സെന്റർ 14.31 കോടി രൂപ ചെലവിൽ നവീകരിച്ചു.

വിവിധ ടിക്കറ്റിംഗ് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അത്യന്താധുനിക വാർത്താവിനിമയ ഉപകരണങ്ങളും അത്യാധുനിക സാങ്കേതികവിദ്യയും ഇപ്പോൾ ഡാറ്റാ സെന്റർ മുഖേന സജ്ജീകരിച്ചിരിക്കുന്നു.

• കോവിഡിന് മുമ്പ് പ്രവർത്തിച്ചിരുന്ന മെയിൽ/എക്സ്പ്രസ്/നഗരപ്രാന്ത സർവ്വീസുകൾ ഏതാണ്ട് 100% പുനഃസ്ഥാപിച്ചു.

• എക്കാലത്തെയും ഉയർന്ന മോട്ടോർ വാഹന ലോഡിംഗിന് 2021 ൽ ദക്ഷിണ റെയിൽവേ സാക്ഷ്യം വഹിച്ചു.

• 2021 നവംബർ അവസാനം വരെയുള്ള ഉത്ഭവ വരുമാനത്തിൽ 2404.54 കോടി രൂപയുടെ വർധനയുണ്ടായി. മുൻ വർഷത്തെ അപേക്ഷിച്ച് 137.95% വർധന.

• 10,285 കൊവിഡ് രോഗികൾ റയിൽവെയുടെ വിവിധ റെയിൽവേ ആശുപത്രികളിലും ആരോഗ്യ സംവിധാനങ്ങളിലും ചികിത്സ നേടി.

# സബ്സിഡിയോട് കൂടിയ സൗരോർജ പ്ലാൻറിൻറെ സ്പോട്ട് രജിസ്ട്രേഷനും ബോധവത്കരണവും

തിരുവനന്തപുരം: സബ്സിഡിയോടുകൂടി വീടുകളിൽ ഗ്രിഡ് ബന്ധിത സൗരോർജ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് നടപ്പാക്കുന്ന സൗരതേജസ് പദ്ധതിയുടെ ഭാഗമായുള്ള ബോധവത്കരണവും സ്പോട്ട് രജിസ്ട്രേഷനും അഞ്ച്, ആറ്, ഏഴ് തീയതികളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 7.30വരെ തിരുവനന്തപുരം പിഎംജി ലോ കോളജ് റോഡിലുള്ള അനെർട്ടിൻറെ ആസ്ഥാന മന്ദിരത്തിൽ നടക്കും.

പദ്ധതിയുടെ ഭാഗമായുള്ള ഡെവലപ്പർമാരുമായി നേരിട്ട് സംവദിക്കാനുള്ള അവസരം ഉണ്ടായിരിക്കും. എസ്ബിഐ, എച്ച്ഡിഎഫ്സി, യുബിഐ തുടങ്ങിയ പ്രമുഖ ബാങ്കുകളുടെ വായ്പാ സൗകര്യവും ഒരുക്കിയിട്ടുണ്ട്. നേരിട്ട് വരുന്നവർക്ക് വളരെ എളുപ്പത്തിൽ സൗരോർജ പ്ലാൻറ് ലഭിക്കുന്നതിനുള്ള രജിസ്ട്രേഷൻ നടത്താനും ഇഷ്ടമുള്ള ഡെവലപ്പറെ നേരിട്ട് തെരഞ്ഞെടുക്കാനും അവസരം ഉണ്ടായിരിക്കും.

അനെർട്ടിൻറെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനവും ലഭിക്കും.

കേന്ദ്ര സർക്കാരിൻറെ നിലവിലുള്ള സബ്സിഡി ആനുകൂല്യം 2022 ജൂണിൽ അവസാനിക്കും.

# ആയുർവേദ കോളേജിൽ അധ്യാപകർ

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ശല്യതന്ത്ര വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ജനുവരി 11ന് രാവിലെ 11ന് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡേറ്റയും സഹിതം അന്നേ ദിവസം 10.30ന് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം.



ആറ്റുകാൽ പൊങ്കാല അവലോകന യോഗം

# ഇ സമൃദ്ധ പദ്ധതി മൃഗ സംരക്ഷണത്തിൽ സമഗ്രമായ മാറ്റങ്ങൾക്ക് വഴിവയ്ക്കും: മന്ത്രി ജെ. ചിഞ്ചുറാണി

മൃഗസംരക്ഷണ വകുപ്പിന്റെ പൂർണ്ണമായ ഡിജിറ്റൽവത്ക്കരണം ലക്ഷ്യംവെച്ച് ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കുന്ന ഇ സമൃദ്ധ പദ്ധതിയിലൂടെ പാൽ ഉൽപ്പാദന ശേഷി അന്താരാഷ്ട്ര നിലവാരത്തിലേക്ക് വർദ്ധിപ്പിക്കാനും കന്നുകാലികളിൽ രോഗ നിർണയം നടത്താനും പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാക്കാനും കേരളത്തിലെ തനത് പശുക്കളെ സംരക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളാനുമാകുമെന്ന് മൃഗ സംരക്ഷണം ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു.

പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും തമ്മിലുള്ള ധാരണാപത്രം കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പദ്ധതിയുടെ ഭാഗമായി അതിസൂക്ഷ്മമായ ഇലക്ട്രോണിക് ചിപ്പ് റേഡിയോ ഫ്രീക്വൻസി ഐഡന്റിറ്റി ഫിക്കേഷൻ ഡിവൈസ് (ആർ.എഫ്.ഐ.ഡി) മൃഗങ്ങളുടെ ചെവിക്കു താഴെ ഘടിപ്പിക്കും. ഇപ്രകാരം ടാഗു ചെയ്ത മൃഗങ്ങളുടെ ഉത്പാദനശേഷിയും ആരോഗ്യവും ഉടമസ്ഥരുടെ വിവരങ്ങളും ഉൾപ്പെട്ട സമഗ്രമായ ഒരു ഡാറ്റാബേസ് ഇസമൃദ്ധ പദ്ധതിയിലൂടെ ലഭ്യമാകുമെന്ന് മന്ത്രി പറഞ്ഞു.

റീബിൽഡ് കേരള പദ്ധതി വഴി ലഭ്യമായ 7.2 കോടി രൂപ ഉപയോഗപ്പെടുത്തിയാണ് പത്തനംതിട്ടയിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നത്.

ഇന്ത്യയിലാദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എഴുപത്തി അയ്യായിരത്തോളം കന്നുകാലികളെ ചിപ്പ് ഉപയോഗിച്ച് ഡിജിറ്റൽ ടാഗ് ചെയ്ത ഡാറ്റാബേസ് നിർമ്മിക്കും. കാർഡ് റീഡറോ സ്മാർട്ട് ഫോണോ ഉപയോഗിച്ച് ടാഗ് ചെയ്ത ഓരോ മൃഗത്തിന്റേയും വിശദാംശങ്ങൾ കർഷകർക്കും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർക്കും ഡിജിറ്റലായി ലഭ്യമാകും.

ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടപ്പെടുത്തുന്നതിനും പുതിയതും സങ്കീർണവുമായ രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉൽപ്പാദന ശേഷിയും പ്രതിരോധശേഷിയും കൂടുതലുള്ള കന്നുകാലികളെ കണ്ടെത്തി കൃത്രിമ ബീജസങ്കലനത്തിലൂടെ പാൽ ഉത്പാദനം കൂട്ടി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

സംസ്ഥാനത്ത് ഓരോ ബ്ലോക്കിലും വെറ്ററിനറി ആംബുലൻസ് സംവിധാനം നിലവിൽ വരുമെന്നും മന്ത്രി പറഞ്ഞു.

ഏപ്രിൽ മാസത്തോടെ പത്തനംതിട്ട ജില്ലയിലെ എല്ലാ കന്നുകാലികളുടെയും ടാഗിംഗ് പൂർത്തിയാക്കി വിവരശേഖരണം ആരംഭിക്കും. കേരളത്തിലാകെയുള്ള 67 ലക്ഷം മൃഗങ്ങളെയും കന്നുകാലികളെയും ഡാറ്റാബേസ് ഇത്തരത്തിൽ തയ്യാറാക്കും.

മന്ത്രിയുടെ സാന്നിധ്യത്തിൽ ഡയറക്ടർ എ.കൗശികനും ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥും ഇസമൃദ്ധ പദ്ധതിയുടെ ധാരണാപത്രം കൈമാറി. പദ്ധതിയുടെ ഭാഗമായ ഡാറ്റാബേസും മൊബൈൽ ആപ്പും ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർമ്മിക്കും. വകുപ്പ് സെക്രട്ടറി ടിങ്കു ബിസ്വാളും സന്നിഹിതയായിരുന്നു.

# ഇന്ത്യയും തുർക്ക്മെനിസ്ഥാനും തമ്മിലുള്ള ധാരണാപത്രത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

ദുരന്തനിവാരണ മേഖലയിലെ സഹകരണത്തിന് ഇന്ത്യയും തുർക്ക്മെനിസ്ഥാനും തമ്മിൽ ധാരണാപത്രം ഒപ്പിടുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

പരസ്പരമുള്ള ദുരന്തനിവാരണ സംവിധാനങ്ങളിൽ നിന്ന് ഇന്ത്യയ്ക്കും തുർക്ക്മെനിസ്ഥാനും പ്രയോജനം ലഭിക്കുന്ന ഒരു സംവിധാനം സ്ഥാപിക്കാനാണ് ധാരണാപത്രം ലക്ഷ്യമിടുന്നത്. അത് ദുരന്തനിവാരണ മേഖലയിലെ തയ്യാറെടുപ്പ്, പ്രതികരണം, ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവ ശക്തിപ്പെടുത്തുന്നതിന് സഹായിക്കും.

താഴെപ്പറയുന്ന മേഖലകളിൽ പരസ്പര പ്രയോജനകരമായ അടിസ്ഥാനത്തിലുള്ള സഹകരണമാണ് ധാരണാപത്രം വിഭാവനം ചെയ്യുന്നത്:

1. അടിയന്തിര സാഹചര്യങ്ങൾ നിരീക്ഷിക്കുകയും പ്രവചിക്കുകയും അവയുടെ അനന്തരഫലങ്ങൾ വിലയിരുത്തുകയും ചെയ്യുക;

2. യോഗ്യതയുള്ള അധികാരികൾ വഴി ദുരന്തനിവാരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉചിതമായ സ്ഥാപനങ്ങൾ തമ്മിലുള്ള ആശയവിനിമയം,

3. ഗവേഷണ പദ്ധതികളുടെ സംയുക്ത ആസൂത്രണം, വികസനം, നടപ്പാക്കൽ, ശാസ്ത്ര സാങ്കേതിക പ്രസിദ്ധീകരണങ്ങളുടെയും ദുരന്തനിവാരണ മേഖലയിലെ ഗവേഷണപ്രവർത്തനങ്ങളുടെ ഫലങ്ങളുടെയും കൈമാറ്റം;

4. ഈ ധാരണാപത്രത്തിന്റെ പരിധിയിലെ പരസ്പര സമ്മതത്തോടെയുള്ള വിവരങ്ങൾ, ആനുകാലികങ്ങൾ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രസിദ്ധീകരണങ്ങൾ, വീഡിയോ, ഫോട്ടോ സാമഗ്രികൾ, സാങ്കേതികവിദ്യകൾ എന്നിവയുടെ കൈമാറ്റം;

5. സംയുക്ത കോൺഫറൻസുകൾ, സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവയും അതുകൂടാതെ പ്രസക്തമായ മേഖലകളിൽ അഭ്യാസങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുക;

6. ദുരന്തനിവാരണത്തിലെ വിദഗ്ധരുടെയും അനുഭവങ്ങളുടെയും കൈമാറ്റം;

7. രക്ഷാപ്രവർത്തനങ്ങളിലും തിരച്ചിലിലും ആദ്യം പ്രതികരിക്കുന്നവരുടെ പരിശീലനവും ശേഷി വർദ്ധിപ്പിക്കലും; ദുരന്തനിവാരണ രംഗത്ത് ശേഷി വർദ്ധിപ്പിക്കുന്നതിന് പരിശീലനം തേടുന്നവരുടെയും വിദഗ്ധരുടെയും കൈമാറ്റം;

8. സാങ്കേതിക സൗകര്യങ്ങളും ഉപകരണങ്ങളും നൽകുന്നതിനും മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദുരന്തനിവാരണത്തിലെ കക്ഷികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പരസ്പര സമ്മതപ്രകാരം സഹായം നൽകൽ;

9. അടിയന്തര പ്രതിരോധത്തിന് പരസ്പര സമ്മത പ്രകാരം സഹായം നൽകൽ;

10. ദുരന്തങ്ങളെ പ്രതിരോധിക്കുന്ന പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അറിവും വൈദഗ്ധ്യവും പരസ്പരം പങ്കുവയ്ക്കൽ;

11. അന്തർദേശീയമായി അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസൃതമായി പരസ്പര സമ്മതത്തോടെ ഗുണനിലവാര പരിപാലന സൗകര്യങ്ങൾ പകരം നൽകുക;

12. കക്ഷികളിലെ യോഗ്യരായ അധികാരികൾ പരസ്പരം അംഗീകരിച്ചേക്കാവുന്ന, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പ്രവർത്തനങ്ങൾ :

നിലവിൽ, സ്വിറ്റ്സർലൻഡ്, റഷ്യ, സാർക്ക്, ജർമ്മനി, ജപ്പാൻ, താജിക്കിസ്ഥാൻ, മംഗോളിയ, ബംഗ്ലാദേശ്, ഇറ്റലി എന്നീ രാജ്യങ്ങളുമായി ദുരന്തനിവാരണ മേഖലയിലെ സഹകരണത്തിനായി ഉഭയകക്ഷി / ബഹുമുഖ കരാർ / ധാരണാപത്രം / താൽപര്യത്തിലുള്ള സംയുക്ത പ്രഖ്യാപനം / സഹകരണ മെമ്മോറാണ്ടം എന്നിവയിൽ ഇന്ത്യ ഒപ്പുവച്ചിട്ടുണ്ട്.

# ഇന്ത്യൻ യുവതയ്ക്ക് ആവശ്യമായ നൈപുണ്യങ്ങൾ നൽകി അവരെ ആഗോള തൊഴിൽ വിപണിക്ക് സജ്ജമാക്കുകയാണ് തങ്ങളെന്ന് ശ്രീ അനുരാഗ് ഠാക്കൂർ

പരീക്ഷണ അടിസ്ഥാനത്തിൽ നടക്കുന്ന ചഥഗടഇന്റ്റെ യൂത്ത് വോളണ്ടിയേഴ്സ് ഓൺലൈൻ പരിശീലന പരിപാടിയ്ക്ക് കേന്ദ്ര യുവജനകാര്യകായിക മന്ത്രി ശ്രീ അനുരാഗ് ഠാക്കൂർ ഇന്ന് തുടക്കമിട്ടു. ഡചകഠഅഞഇന്റ്റെ ഡിഫീറ്റ് ചഇഉ പാർട്ണർഷിപ്പ്, ഡചകഇഋഎ, ചഥഗട എന്നിവയുമായി ചേർന്നാണ് യുവജനകാര്യകായിക മന്ത്രാലയം പരിശീലനം സംഘടിപ്പിക്കുന്നത്. പരിപാടിയുടെ മൊത്തത്തിലുള്ള ഏകോപനം ഭാരത സർക്കാരിന്റെ കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷൻ നിർവഹിക്കും.

ഇന്ത്യൻ യുവതയ്ക്ക് ആവശ്യമായ നൈപുണ്യങ്ങൾ നൽകി അവരെ ആഗോള തൊഴിൽ വിപണിക്ക് സജ്ജമാക്കുകയാണ് ഭരണകൂടം ചെയ്യുന്നതെന്ന് ശ്രീ അനുരാഗ് ഠാക്കൂർ ചടങ്ങിൽ അഭിപ്രായപ്പെട്ടു. സ്റ്റാർട്ടപ്പുകൾക്ക് വളർച്ച സൗകര്യങ്ങൾ ഒരുക്കാനും, യുവാക്കൾക്കിടയിൽ സംരംഭകത്വ മനോഭാവം പ്രോത്സാഹിപ്പിക്കാനും ഉതകുന്ന ശക്തമായ ഒരു സംവിധാനം ആവശ്യമാണ് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

230 ദശലക്ഷത്തോളം ആണ് ഇന്ത്യയിലെ യുവാക്കളുടെ ഏകദേശ എണ്ണം. രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിക്ക് കുതിപ്പേകാൻ സഹായിക്കുന്ന പരിധികളില്ലാത്ത ശേഷിയാണ് യുവജനങ്ങൾക്ക് ഉള്ളത്.

പരിശീലനത്തിൽ പങ്കെടുക്കുന്ന യുവാക്കളുടെ വ്യക്തിത്വ വികസനം, ഉപജീവന മാർഗങ്ങൾ എന്നിവയിൽ ദീർഘകാലം നീണ്ടുനിൽക്കുന്ന മാറ്റങ്ങൾ സൃഷ്ടിക്കാൻ ഡചകഠഅഞഉം മന്ത്രാലയവും തമ്മിലുള്ള പങ്കാളിത്തത്തിലൂടെ സാധിക്കുമെന്ന് ശ്രീ ഠാക്കൂർ പ്രതീക്ഷ പ്രകടിപ്പിച്ചു. ഇന്ത്യൻ യുവാക്കളെ ശാക്തീകരിക്കുന്നതിനൊപ്പം സമാന ചിന്താഗതിക്കാരായ, പ്രചോദിതരായ ഒരു പറ്റം യുവാക്കളുടെ ഒരു ശൃംഖല രൂപപ്പെടുത്താനും ഉണ്ടാകുന്ന ഒരു പ്രധാന ചുവടുവെപ്പാണ് ഇതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

12 മുതൽ 15 ദിവസം വരെ നീണ്ടുനിൽക്കുന്ന പരിശീലനം വിദ്യാർഥികൾക്ക് തനിയെ പൂർത്തീകരിക്കാൻ സാധിക്കും. വിർച്ചൽ റിയാലിറ്റി പോലെയുള്ള അത്യാധുനിക സാങ്കേതികവിദ്യകൾ, മെച്ചപ്പെട്ട സംവേദന സംവിധാനങ്ങൾ എന്നിവ അടങ്ങിയതാണ് ഈ ഓൺലൈൻ പരിശീലനം. പരീക്ഷണാടിസ്ഥാനത്തിൽ നടക്കുന്ന പരിപാടിയിൽ 100 വോളണ്ടിയർമാർ പങ്കെടുക്കുന്നുണ്ട്. നിലവിൽ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലായി ലഭ്യമാക്കിയിട്ടുള്ള പരിശീലനം ഭാവിയിൽ പ്രാദേശിക ഭാഷകളിലും നൽകുന്നതാണ്.

അവശ്യ ജീവിത നൈപുണ്യങ്ങൾ, വ്യക്തിത്വ വികസനം, രാഷ്ട്ര നിർമ്മാണം, പൗര ബോധത്തോടെ ഉള്ള പ്രവർത്തനങ്ങൾ, സാമൂഹിക സേവനം, സാമൂഹിക മുന്നേറ്റങ്ങൾ, ശാക്തീകരണ സംവിധാനങ്ങൾ തുടങ്ങിയവയിൽ 1.4 ദശലക്ഷം മുതൽ രണ്ട് ദശലക്ഷം വരെ വരുന്ന യുവാക്കൾക്ക് പരിശീലനം നൽകാൻ ഈ മുന്നേറ്റം ലക്ഷ്യമിടുന്നു.

# ഇഗവർണൻസുമായി ബന്ധപ്പെട്ട ദേശീയ സമ്മേളനം കേന്ദ്ര മന്ത്രി ഡോ. ജിതേന്ദ്ര സിംഗ് നാളെ ഉദ്ഘാടനം ചെയ്യും

ഭരണപരിഷ്കാരപൊതു പരാതി പരിഹാര വകുപ്പ് (ഉഅഞജഏ), ഇലക്ട്രോണിക്സ് ഐടി മന്ത്രാലയവുമായി ചേർന്ന് ഇഗവർണൻസുമായി ബന്ധപ്പെട്ട ഇരുപത്തിനാലാമത് ദേശീയ സമ്മേളനം (ചഇലഏ) 202021 സംഘടിപ്പിക്കും. തെലങ്കാന സർക്കാരുമായി ചേർന്ന് നടപ്പാക്കുന്ന പരിപാടി 2022 ജനുവരി 7 മുതൽ 8 വരെ ഹൈദരാബാദിലാണ് നടക്കുക.

പേർസണൽപൊതു പരാതി പരിഹാരപെൻഷൻ മന്ത്രാലയത്തിന്റെ ചുമതലയുള്ള കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് സമ്മേളനം ഉദ്ഘാടനം ചെയ്യും.

ആറു വിഭാഗങ്ങളിലായുള്ള 2021 ലെ ഇഗവേണൻസ് ദേശീയ

പുരസ്കാരങ്ങൾ, കേന്ദ്ര സംസ്ഥാനജില്ലാ തലങ്ങളിൽ ഉള്ള 26 ഇഗവെർണൻസ് മുന്നേറ്റങ്ങൾക്ക്, അക്കാദമിക ഗവേഷക സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സമ്മാനിക്കും

രാജ്യത്തുടനീളമുള്ള ഇഗവെർണൻസ് മുന്നേറ്റങ്ങൾക്ക് വലിയതോതിൽ പ്രോത്സാഹനം നൽകാൻ സമ്മേളനം വഴിതുറക്കും.

ഇഗവെർണൻസ് മേഖലയിൽ തങ്ങൾ നടപ്പാക്കുന്ന വിജയകരമായ മുന്നേറ്റങ്ങൾ പ്രദർശിപ്പിക്കുവാൻ സർക്കാർ ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ തുടങ്ങിയവർക്ക് ഇതിലൂടെ അവസരം ലഭിക്കും.

28 സംസ്ഥാനങ്ങൾ, 9 കേന്ദ്ര ഭരണ പ്രദേശങ്ങൾ, അക്കാദമികഗവേഷക സ്ഥാപനങ്ങൾ, ഐടി മേഖല എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ വിർചൽ രീതിയിൽ സമ്മേളനത്തിൽ പങ്കെടുക്കും.

ഇ ഗവേണൻസ് മേഖലയിൽ രാജ്യം കൈവരിച്ച നേട്ടങ്ങൾക്കായി പരിപാടിക്കിടയിൽ ഒരു പ്രദർശനവും സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ പുരസ്കാര ജേതാക്കളുടെ ചിത്രപ്രദർശനം/ വാൾ ഓഫ് ഫെയിമിന് ഒപ്പമാണ് ഇത്.

# ഹരിതോർജ്ജ ഇടനാഴി രണ്ടാം ഘട്ടത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

അന്തർസംസ്ഥാന പ്രസരണസംവിധാനത്തിലെ ഹരിതോർജ്ജ ഇടനാഴി രണ്ടാം ഘട്ടത്തിന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ചേർന്ന സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്ര മന്ത്രിസഭാസമിതി അംഗീകാരം നൽകി. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് പ്രയോജനപ്പെടുന്നതാണു പദ്ധതി. ഏകദേശം 10,750 സർക്യൂട്ട് കിലോമീറ്റർ പ്രസരണ ലൈനുകളും സബ്സ്റ്റേഷനുകളുടെ 27,500 മെഗാ വോൾട്ട് ആംപിയർ പരിവർത്തനശേഷിയും ഇതിന്റെ ഭാഗമായി കൂട്ടിച്ചേർക്കും. കേരളത്തിനു പുറമെ ഗുജറാത്ത്, ഹിമാചൽ പ്രദേശ്, കർണാടകം, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ് എന്നീ ഏഴ് സംസ്ഥാനങ്ങളിലായി ഏകദേശം 20 ജിഗാവാട്ട് പുനരുപയോഗ ഊർജ്ജ പദ്ധതികളുടെ ഗ്രിഡ് ഏകീകരണത്തിനും ഊർജ്ജോൽപ്പാദനത്തിനും ഈ പദ്ധതി സഹായിക്കും.

12,031.33 കോടി രൂപയ്ക്ക് പൂർത്തിയാക്കപ്പെടുമെന്ന് കണക്കാക്കുന്ന പദ്ധതിക്ക് 33 ശതമാനം കേന്ദ്രസഹായം ലഭിക്കും. അതായത്, 3970.34 കോടി രൂപ. 2021 22 മുതൽ 202526 വരെയുള്ള അഞ്ച് സാമ്പത്തിക വർഷങ്ങൾക്കുള്ളിൽ പൂർത്തിയാക്കുമെന്ന് കരുതപ്പെടുന്ന പദ്ധതിക്ക് കേന്ദ്ര സാമ്പത്തിക സഹായം (സിഎഫ്എ) ഉപയോഗിക്കുക വഴി അന്തർസംസ്ഥാന പ്രസരണ നിരക്കുകൾ വെട്ടിക്കുറയ്ക്കാനും അതുവഴി ഊർജ്ജ നിരക്കുകൾ കുറയ്ക്കാനും കഴിയും. കേന്ദ്ര സഹായം ഫലത്തിൽ രാജ്യത്തെ സാധാരണ പൗരന്മാർക്ക് സഹായകരമാകും.

സ്ഥാപിക്കപ്പെട്ട പുനരുപയോഗ ഊർജ്ജ ശേഷി 2030ഓടെ 450 ജിഗാവാട്ട് എന്ന ലക്ഷ്യത്തിലേക്കെത്താൻ പദ്ധതി സഹായിക്കും

പദ്ധതി രാജ്യത്തിന്റെ ദീർഘകാല ഊർജ്ജാവശ്യങ്ങൾക്ക് സംഭാവന നൽകുകയും കാർബൺ പ്രവാഹം കുറച്ച് പരിസ്ഥിതിക്ക് അനുകൂലമായ സുസ്ഥിര വളർച്ചയെ പിന്തുണയ്ക്കുകയും ചെയ്യും. ഊർജ്ജ മേഖലയിലും അനുബന്ധ മേഖലകളിലും വൈദഗ്ധ്യം നേടിയവരും അല്ലാത്തവരുമായ തൊഴിലാളികൾക്ക് വൻതോതിൽ തൊഴിലവസരം സൃഷ്ടിക്കാനും പദ്ധതിക്ക് കഴിയും. ആന്ധ്രപ്രദേശ്, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, കർണാടകം, മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ ഒന്നാം ഘട്ട ജിഇസിയുടെ തുടർച്ചയായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 24 ജിഗാവാട്ട് പുനരുപയോഗ ഊർജ്ജോൽപാദനം ലക്ഷ്യമിടുന്ന ഒന്നാം ഘട്ട പദ്ധതി 2022ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്രഗവൺമെന്റിന്റെ ധനസഹായമായ 4056.67 കോടി രൂപ ഉൾപ്പെടെ 10,141.68 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കപ്പെടുന്ന ഒന്നാം ഘട്ടം 9700 സർക്യൂട്ട് കിലോമീറ്റർ പ്രസരണ ലൈനുകൾ കൂട്ടിച്ചേർക്കലും സബ്സ്റ്റേഷനുകളുടെ 22500 എംവിഎ ശേഷിസൃഷ്ടിക്കലുമാണ് ലക്ഷ്യമിടുന്നത്.

# എല്ലാ പഞ്ചായത്തിലും ഏപ്രിൽ ഒന്ന് മുതൽ ഐ എൽ ജി എം എസ് സേവനം ഉറപ്പുവരുത്തും: മന്ത്രി

സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഏപ്രിൽ ഒന്നുമുതൽ ഐ എൽ ജി എം എസ് സേവനം ഉറപ്പുവരുത്തുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഐ എൽ ജി എം എസ് സംവിധാനത്തിന്റെ വേഗത സംബന്ധിച്ച് ചില ഭാഗങ്ങളിൽ നിന്നും ഉയരുന്ന പരാതികൾ കൂടി പരിഹരിച്ച്, സമയബന്ധിതമായി സേവനങ്ങളെല്ലാം ലഭ്യമാക്കുന്ന നിലയിലാണ് പഞ്ചായത്തുകളിൽ സോഫ്റ്റ്വെയർ സേവനം ലഭ്യമാക്കുകയെന്ന് മന്ത്രി പറഞ്ഞു. 2020 സെപ്റ്റംബറിൽ 153 പഞ്ചായത്തുകളിലും 2021 സെപ്റ്റംബറിൽ 156 പഞ്ചായത്തുകളിലും ഐ എൽ ജി എം എസ് പ്രവർത്തന സജ്ജമാക്കിയിരുന്നു. ബാക്കിയുള്ള 632 ഗ്രാമ പഞ്ചായത്തുകളിലാണ് ഏപ്രിൽ ഒന്നുമുതൽ സജ്ജമാക്കുന്നത്. ഐ എൽ ജി എം എസിന്റെ പ്രവർത്തനത്തിൽ പീക്ക് സമയങ്ങളിൽ വേഗത കുറവുണ്ടാകുന്നത് സെന്റർ സെർവറിന്റെ പോരായ്മ നിമിത്തമാണെന്ന് മനസ്സിലാക്കി സി ഡിറ്റിന്റെ നിയന്ത്രണത്തിലുള്ള ക്ലൗഡ് സർവീസ് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.



ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് 'സുരക്ഷാരഥം' എന്ന മൊബൈൽ സുരക്ഷിതത്വ പരിശീലന വാഹനം ഉപയോഗിച്ച് കുട്ടികൾക്കായി ആരംഭിച്ച സുരക്ഷിതത്വ ബോധവൽക്കരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു

NAUTICAL TIMES
KERALA
Thiruvananthapuram
RNI.Reg,No. KERBIL/2018/77391
2022 JANUARY 07 FRIDAY


# മന്ത്രിസഭയിൽ തർക്കം രൂക്ഷം ; ലൈഫ് സർവേക്കായുള്ള വകുപ്പ് ഏകോപനം മാറ്റിവച്ചു



തിരുവനന്തപുരം: തദ്ദേശ സ്ഥാപനങ്ങളിലെ ലൈഫ് പദ്ധതി സർവേയ്ക്കു കൃഷി, മൃഗസംരക്ഷണ വകുപ്പ് ജീവനക്കാരെയും അധ്യാപകരെയും നിയോഗിക്കാനുള്ള തീരുമാനത്തെച്ചൊല്ലി മന്ത്രിസഭായോഗത്തിൽ തർക്കം.

സർവേക്ക് കൃഷിയുൾപ്പെടെ 13 വകുപ്പുകളിലെ ജീവനക്കാരെ നിയോഗിക്കാനുള്ള എം.വി ഗോവിന്ദൻറെ നിർദേശത്തിൽ വി.ശിവൻകുട്ടിയും പി. പ്രസാദും കടുത്ത എതിർപ്പ് അറിയിക്കുകയായിരുന്നു. ഇതോടെ അടുത്ത മന്ത്രിസഭായോഗത്തിൻറെ പരിഗണനയിലേക്കു മാറ്റാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു.

രണ്ടുതവണ ഇക്കാര്യം പരിഗണനയ്ക്കു വന്നെങ്കിലും തർക്കത്തെത്തുടർന്നു തീരുമാനത്തിലെത്തിയിരുന്നില്ല. ഇന്നലെ രാവിലെ ഓൺലൈനായി ചേർന്ന മന്ത്രിസഭാ യോഗത്തിൽ ചീഫ് സെക്രട്ടറി വി.പി. ജോയിയുടെ റിപ്പോർട്ട് ചർച്ചയ്ക്കെടുത്തതോടെയാണു മന്ത്രിമാർ വ്യത്യസ്ത നിലപാട് പറഞ്ഞത്.

ഇതര വകുപ്പുകളിലെ ജീവനക്കാരെ തദ്ദേശ സ്ഥാപനങ്ങളുടെ ജോലിക്കു വിനിയോഗിക്കുന്നതിന് അതത് വകുപ്പുകളിലെ ജില്ലാ അധികാരികളുടെ അഭിപ്രായത്തോടെ കളക്ടർമാർക്കു നിർദേശം നൽകാമെന്നു ചീഫ് സെക്രട്ടറി റിപ്പോർട്ട് നൽകിയിരുന്നു. ഇതുസംബന്ധിച്ചു സംസ്ഥാനതലത്തിൽ പൊതുമാർഗരേഖ തയാറാക്കണമെന്നും റിപ്പോർട്ടിലുണ്ട്.

എന്നാൽ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ നിർദേശം കണക്കിലെടുക്കണമെന്നും വകുപ്പുകളിലെ ജോലിയും ഓരോ സമയത്തെ തിരക്കും കണക്കിലെടുത്തും വേണം ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതെന്നും വി.ശിവൻകുട്ടി അഭിപ്രായപ്പെട്ടു. പി. പ്രസാദും ശിവൻകുട്ടിയെ പിന്തുണച്ചു.

2018ലെ പ്രളയത്തിലടക്കം കാർഷിക മേഖലയിലുണ്ടായ നാശനഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളിലാണു കൃഷിവകുപ്പ്. അപേക്ഷകളിൽ ഒരുമാസത്തിനകം തീരുമാനമെടുക്കണമെന്നു കൃഷി വകുപ്പ് ജീവനക്കാർക്കു നിർദേശം നൽകിയതിനു പിന്നാലെയാണു ലൈഫ് സർവേയ്ക്കായി ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവിറക്കിയതെന്നു പ്രസാദ് പറഞ്ഞു.

എന്നാൽ, ഇത്തരം വാദത്തെ എതിർത്ത് എം.വി.ഗോവിന്ദനും രംഗത്തെത്തി. ഉദ്യോഗസ്ഥ വിന്യാസത്തിനു സെക്രട്ടറിമാരുടെ അനുമതി വേണമെന്ന നിർദേശത്തോടു യോജിക്കാനാവില്ലെന്നു മന്ത്രി ഗോവിന്ദൻ പറഞ്ഞു. തദ്ദേശവകുപ്പിൻറെ അധികാരം കവരുന്ന നിർദേശമാണിത്.

അധികാരവികേന്ദ്രീകരണത്തിൻറെ ജൂബിലി വർഷത്തിൽത്തന്നെ ഉദ്യോഗസ്ഥ വിന്യാസത്തിൻറെ പേരിൽ വികസന പദ്ധതികൾ തടസപ്പെടരുതെന്നും മന്ത്രി പറഞ്ഞു. വിഷയം തർക്കത്തിലേക്ക് നീങ്ങിയതോടെ മുഖ്യമന്ത്രി ഇടപെട്ടു. ഫയൽ കൂടുതൽ പരിശോധിച്ചശേഷം പരിഗണിക്കാമെന്ന നിർദേശത്തോടെ മാറ്റിവയ്ക്കുകയായിരുന്നു.

മെഡിക്കൽ കോളജിൽ നിന്ന് നവജാത ശിശുവിനെ കടത്തിയ സ്ത്രീയെ പോലീസ് അറസ്റ്റ് ചെയ്തു. കളമശേരി സ്വദേശിനി നീനു ആണ് അറസ്റ്റിലായത്. കുഞ്ഞിനെ വിൽക്കാനാണ് തട്ടിയെടുത്തതെന്നാണ് ഇവർ പോലീസിന് നൽകിയ മൊഴി.

കടബാധ്യത ഉള്ളതിനാലാണ് ഇത്തരമൊരു കൃത്യത്തിന് തയാറായതെന്നും ഇവർ പറയുന്നു. ചൊവ്വാഴ്ച കോട്ടയത്ത് ബാർ ഹോട്ടലിൽ എട്ടുവയസുള്ള ആൺകുട്ടിയുമായി ഇവർ മുറിയെടുത്തിരുന്നു. കഴിഞ്ഞ ദിവസങ്ങളിലൊക്കെ മെഡിക്കൽ കോളജ് പരിസരങ്ങളിൽ ഇവർ കറങ്ങി നടക്കുന്നത് കണ്ടതായി ദൃക്സാക്ഷികൾ പറയുന്നു.

ഇതിനിടെ സംഭവത്തിനു പിന്നിൽ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന റാക്കറ്റാണെന്ന സംശയം ഉയർത്തി മന്ത്രി വി.എൻ വാസവൻ രംഗത്തെത്തി. പോലീസ് സമഗ്ര അന്വേഷണത്തിലൂടെ ഇക്കാര്യം പുറത്തുകൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു.

ഡോക്ടറുടെ വേഷം ധരിച്ചെത്തിയ സ്ത്രീയാണ് കുട്ടിയെ തട്ടിക്കൊണ്ടുപോയത്. ഒറ്റനോട്ടത്തിൽ അവർ ഡോക്ടർ അല്ല എന്ന് സംശയം തോന്നില്ല. പോലീസ് സമയോചിതമായി ഇടപെട്ടത് കൊണ്ടാണ് കുഞ്ഞിനെ ഉടൻ തന്നെ കണ്ടെത്താൻ കഴിഞ്ഞതെന്നും വാസവൻ മാധ്യമങ്ങളോട് പറഞ്ഞു.

# കൃഷിജീവനക്കാരുടെ വിവാദ സസ്പെൻഷനും മന്ത്രിസഭയുടെ പരിഗണനയിലേക്ക്

തിരുവനന്തപുരം: കൃഷിഭവനിലുള്ള മൂന്ന് അസിസ്റ്റൻറുമാരെയും ലൈഫ് പദ്ധതിയുടെ സർവേ ജോലിക്കായി നിയോഗിച്ചാൽ കൃഷി വകുപ്പിൽനിന്നു ജനങ്ങൾക്കു സമയബന്ധിതമായി സേവനം നൽകാൻ കഴിയില്ലെന്നു മന്ത്രി പി. പ്രസാദ് മന്ത്രിസഭയിൽ പറഞ്ഞു.

പാലക്കാട് ജില്ലയിലെ കൃഷി വകുപ്പു ജീവനക്കാരെ കൂട്ടത്തോടെ കോവിഡ് ജോലിക്കായി നിയോഗിച്ചു. കൃഷി വകുപ്പ് ജീവനക്കാരെ വിട്ടുനൽകുന്നതിനു തടസമില്ല. പക്ഷേ കൂട്ടത്തോടെ വിട്ടുനൽകാൻ കഴിയില്ലെന്നാണു നിലപാടെന്നു മന്ത്രി മുഖ്യമന്ത്രിയെ നേരിട്ട് അറിയിച്ചിരുന്നു.

തിരുവനന്തപുരം ആര്യനാട് കൃഷി ഭവൻ ജീവനക്കാരെ പഞ്ചായത്ത് സസ്പെൻഡ് ചെയ്ത നടപടിയും മന്ത്രിസഭയിൽ കൃഷിമന്ത്രി ഉന്നയിച്ചു. കൃഷി വകുപ്പ് ജീവനക്കാരെ സസ്പൻഡ് ചെയ്യാമെന്നു ശിപാർശ ചെയ്യുന്നതിനു പകരം ശിക്ഷാ നടപടി സ്വീകരിക്കുന്ന നിലപാടാണ് തദ്ദേശ സ്ഥാപനാധികൃതർ സ്വീകരിച്ചതെന്നും പ്രസാദ് ചൂണ്ടിക്കാട്ടി. ശിക്ഷാ നടപടി സ്വീകരിക്കേണ്ടത് അതതു വകുപ്പ് മേധാവിമാരാണെന്നും അദ്ദേഹം പറഞ്ഞു.

വകുപ്പുകൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് ലൈഫ് ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവേ തടസപ്പെട്ടിരിക്കുകയാണ്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അധ്യാപകരെ മറ്റുജോലികൾക്കായി നിയോഗിക്കുന്നതു നിയമവിരുദ്ധമാണെന്ന് അധ്യാപക സംഘടനകളും ചൂണ്ടിക്കാട്ടിയിരുന്നു.

# യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഘം പോലീസ് പിടിയിൽ

കൊല്ലം: വീടിനോടു ചേർന്നുള്ള ഷെഡ് ഉപയോഗിക്കുന്നതു വിലക്കിയ യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തെ പോലീസ് പിടികൂടി. ശക്തികുളങ്ങര, കന്നിമേൽ ഗോപിക്കട ജംഗ്ഷനു സമീപം രാധകൃഷ്ണപിള്ള, ഗോപിക്കട ജംഗ്ഷന് സമീപം പറമേൽ വടക്കത്തിൽ ഗോപകുമാർ (പൊന്നൻ40), ശക്തികുളങ്ങര, രാജേഷ് ഭവനത്തിൽ രാജേഷ് എന്നിവരാണ് പോലീസ് പിടിയിലായത്.

നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ് രാജേഷെന്ന് പോലീസ് പറഞ്ഞു.

ശക്തികുളങ്ങര മണികണ്ഠഭവനത്തിനോടു ചേർന്നുള്ള ഷെഡിൽ ഉറങ്ങാൻ ശ്രമിച്ച സംഘത്തെ വീട്ടുടമ വിലക്കി. ഇതിനെ തുടർന്ന് ഇവർ സംഘം ചേർന്നു വീട്ടിൽ കയറി ആക്രമിക്കുകയായിരുന്നു.

കൈവശം ഇരുന്ന ബിയർകുപ്പി കൊണ്ടു വീട്ടുടമയുടെ തലയ്ക്ക് അടിച്ചു മുറിപ്പെടുത്തി. കൺട്രോൾറൂം ഇൻസ്പെക്ടർ ബിജൂ.എസ്.റ്റി യുടെ നേതൃത്വത്തിൽ ശക്തികുളങ്ങര പോലീസ് സ്റ്റേഷനിലെ സബ്ബ് ഇൻസ്പെക്ടർ അനീഷ്, എ.എസ്.ഐ മാരായ വസന്തൻ, സുനിൽകുമാർ, അനിൽകുമാർ, സാബിൻ എന്നിവരടങ്ങിയ സംഘമാണ് ഇവരെ പിടികൂടിയത്.

# സിൽവർ ലൈൻ: ആലപ്പുഴയിലും സാമൂഹികാഘാത പഠനത്തിന് വിജ്ഞാപനം

തിരുവനന്തപുരം: സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുന്നതിൻറെ ഭാഗമായി ആലപ്പുഴ ജില്ലയിൽ സാമൂഹികാഘാത പഠനത്തിനു സർക്കാർ വിജ്ഞാപനം. ആലപ്പുഴയിലെ ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലെ നാല് വില്ലേജുകളിലാണ് പഠനം നടത്തുന്നത്.

നൂറനാട്, പാലമേൽ, മുളക്കുഴ, വെൺമണി വില്ലേജുകളിലായി 42.08 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. മൂന്ന് മാസത്തിനുള്ളിൽ പഠനം നടത്തി റിപ്പോർട്ട് നൽകാനാണ് നിർദേശം. നേരത്തെ കണ്ണൂർ, തിരുവനന്തപുരം, എറണാകുളം, കാസർഗോഡ് ജില്ലകളിൽ സാമൂഹികാഘാത പഠനം നടത്താൻ സർക്കാർ വിജ്ഞാപനം ഇറക്കിയിരുന്നു.

കേരള വോളൻററി ഹെൽത്ത് സർവീസസാണ് തിരുവനന്തപുരത്തും കാസർഗോഡും സാമൂഹികാഘാത പഠനം നടത്തുക. എറണാകുളത്ത് പഠന ചുമതല രാജഗിരി ഔട്ട്റീച്ച് സൊസൈറ്റിക്കാണ്. നൂറു ദിവസത്തിനുള്ളിൽ പഠനം നടത്തി റിപ്പോർട്ട് നൽകാനാണ് നിർദേശം.

കാസർഗോഡ് 142.9665 ഹെക്ടർ ഭൂമിയും എറണാകുളത്ത് 116.3173 ഹെക്ടർഭ ഭൂമിയും തിരുവനന്തപുരത്ത് 130.6452 ഹെക്ടർ ഭൂമിയുമാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്.

കാസർഗോഡ് ജില്ലയിൽ 21 വില്ലേജുകളിലായി 53.8 കിലോമീറ്ററിലാണു പാത കടന്നു പോകുന്നത്. ഈ വില്ലേജുകളിലെ നിർദിഷ്ട സ്ഥലങ്ങളിൽ പഠനം നടത്തു ന്നതിനായാണ് വില്ലേജുകളും പ്രദേശങ്ങളും ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

തിരുവനന്തപുരം ജില്ലിലെ മൂന്നു താലൂക്കുകളിലായി 14 വി ല്ലേജുകളിൽ പഠനം നടത്തുന്നതിനാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. എറണാകുളം ജില്ലയിലെ നാല് താലൂക്കുകളിലെ 17 വില്ലേജുകളിലാണ് സാമൂഹികാഘാത പഠനം നടത്തുന്നത്.

# എസ്.സി.ഇ.ആർ.ടി ഗവേഷണ പ്രോജക്ടുകൾ ക്ഷണിച്ചു

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) യുമായി ചേർന്ന് ഗവേഷണ പ്രോജക്ടുകൾ നടത്തുന്നതിന് യൂണിവേഴ്സിറ്റികൾ, കോളേജുകൾ, ഡയറ്റുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിച്ചു. മിശ്രിതപഠനം, മൂല്യനിർണയം എന്നീ തീമുകളിലാണ് ഗവേഷണം നടത്താൻ ഉദ്ദേശിക്കുന്നത്.

പ്രൊപ്പോസലുകൾ ജനുവരി 10ന് മുമ്പ് രെലൃ്യേലലെമൃരവ@ഴാമശഹ.രീാ ൽ സ്ഥാപനമേധാവിയുടെ ശുപാർശയോടെ സമർപ്പിക്കണം. പരമാവധി 12 ലക്ഷം രൂപയായിരിക്കണം ഗവേഷണ ബജറ്റിൽ ഉൾപ്പെടുത്തേണ്ടത്. പ്രൊപ്പോസലുകൾ ഇംഗ്ലീഷിലോ മലയാളത്തിലോ തയാറാക്കാം. പ്രൊപ്പോസലിന്റെ ഫോർമാറ്റ്, മറ്റ് വിശദാംശങ്ങൾ എന്നിവ www.sc-er-tk-er-a-l-a.gov.in ൽ ലഭ്യമാണ്.

# കുട്ടിയെ തട്ടിക്കൊണ്ടുപോയ സംഭവം: പിന്നിൽ കുട്ടിക്കടത്ത് റാക്കറ്റല്ലെന്ന് കോട്ടയം എസ്പി

കോട്ടയം: മെഡിക്കൽ കോളജിൽ നിന്ന് നവജാതശിശുവിനെ തട്ടിക്കൊണ്ടുപോയ സംഭവത്തിനു പിന്നിൽ കുട്ടിക്കടത്തുമായി ബന്ധപ്പെട്ട റാക്കറ്റ് ഇല്ലെന്ന് കോട്ടയം എസ്പി ഡി.ശിൽപ. കുട്ടിയെ തട്ടിയെടുത്ത നീതുവിന് റാക്കറ്റുമായി ബന്ധമില്ല. പ്രതി തനിയെയാണ് കുറ്റം ചെയ്തത്. വ്യക്തിപരമായ ചില കാരണങ്ങളാൽ ആണ് കുട്ടിയെ തട്ടിയെടുത്തത്.

നീതുവിൻറെ ലക്ഷ്യമറിയാൻ വിശദമായി ചോദ്യം ചെയ്ത് വരികയാണെന്നും ശിൽപ മാധ്യമങ്ങളോട് പറഞ്ഞു. കുഞ്ഞിനെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നീതുവിനെ കൂടുതൽ ചോദ്യം ചെയ്താൽ മാത്രമേ വ്യക്തത വരികയുള്ളൂ.

മുൻപ് കുറ്റകൃത്യങ്ങളിൽ ഒന്നും തന്നെ ഏർപ്പെട്ടിട്ടില്ല. ഇവരുടെ ഒപ്പമുള്ളത് സ്വന്തം കുട്ടി തന്നെയാണ്. നാലാം തീയതി മുതൽ ഇവർ ഹോട്ടലിൽ താമസിച്ചുവരികയാണെന്നും എസ്പി പറഞ്ഞു.

# ഇന്ന് 4649 പേർക്ക് കോവിഡ്; ആകെ മരണം 49116 ആയി

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 4649 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 68,325 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 6.80 ശതമാനമാണ്.

ഇന്ന് 17 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ അപ്പീൽ നൽകിയ 204 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 49116 ആയി.

4281 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. അതിൽ 233 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 83 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്.

നിലവിൽ 25,157 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 2180 പേർ രോഗമുക്തരായി. 51,93,093 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. 52 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ചവർ ജില്ലതിരിച്ച്

എറണാകുളം928, തിരുവനന്തപുരം842, തൃശൂർ471, കോഴിക്കോട്451, കോട്ടയം326, കണ്ണൂർ302, കൊല്ലം226, പത്തനംതിട്ട224, ആലപ്പുഴ206, മലപ്പുറം175, പാലക്കാട്172, കാസർഗോഡ്141, ഇടുക്കി112, വയനാട്73.

# മത്തായിയുടെ കസ്റ്റഡി മരണം: കൂടുതൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്കു ശിപാർശ

പത്തനംതിട്ട: യുവകർഷകൻ പി.പി. മത്തായി (പൊന്നു) വനപാലകരുടെ കസ്റ്റഡിയിൽ മരിച്ച സംഭവത്തിൽ വനംവകുപ്പിലെ കൂടുതൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിക്കു സിബിഐ ശിപാർശ.

മത്തായിയെ അനധികൃതമായി കസ്റ്റഡിയിലെടുക്കുകയും ചോദ്യം ചെയ്യലിൻറെ ഭാഗമായി അപകടകരമായ സാഹചര്യത്തിൽ എത്തിക്കുകയും തുടർന്നു മരണപ്പെടുകയും ചെയ്തുവെന്ന കുറ്റപത്രം സിബിഐ സമർപ്പിച്ചതിനു പിന്നാലെയാണ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്തു വനംവകുപ്പിലേക്ക് കത്തു നൽകിയിരിക്കുന്നത്.

മത്തായിയുടെ മരണവുമായി ബന്ധപ്പെട്ടു പ്രതി ചേർക്കപ്പെട്ട ഏഴുപേർക്കെതിരെയും വകുപ്പുതല നടപടി ഉണ്ടാകും. കൂടാതെ വ്യാജരേഖ ചമച്ചതും തെളിവ് നശിപ്പിക്കാൻ കൂട്ടുനിന്നതുമായി ബന്ധപ്പെട്ട് മറ്റു രണ്ടുപേർക്കെതിരെ കൂടി നടപടിക്കു ശിപാർശയുണ്ട്. മത്തായിയുടേത് അനധികൃത കസ്റ്റഡിയെന്നു കുറ്റപത്രത്തിൽ സിബിഐ വ്യക്തമാക്കുന്ന സാഹചര്യത്തിൽ വകുപ്പുതല നടപടികളിൽ നിന്നൊഴിയാൻ ഉദ്യോഗസ്ഥർക്കു ബുദ്ധിമുട്ടാകും.

ചിറ്റാറിൽ ഫോറസ്റ്റ് ഡെപ്യൂട്ടി റേഞ്ച് ഓഫീസറായിരുന്ന എ.കെ. രാജേഷ്കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ജോസ് വിൽസൺ, വില്യം ഡിക്രൂസ്, ഫോറസ്റ്റ് ഓഫീസർമാരായ അനിൽ കുമാർ, സന്തോഷ്, ലക്ഷ്മി എന്നിവരും വാച്ചറായ അരുണും കേസിൽ പ്രതികളാണ്.

ഇവർക്കെതിരെ കുറ്റപത്രത്തിലെ പരാമർശത്തിൻറെ അടിസ്ഥാനത്തിൽ വകുപ്പുതല നടപടികൾ ശിപാർശ ചെയ്തു. പ്രതിപ്പട്ടികയിലെ ഇവരിൽ ചിലരെ നേരത്തെ സസ്പെൻഡ് ചെയ്തിരുന്നെങ്കിലും പിന്നീട് സർവീസിൽ തിരികെ പ്രവേശിപ്പിച്ചിരുന്നു.

വടശേരിക്കര റേഞ്ച് ഓഫീസറായിരുന്ന വേണുകുമാർ, ഫോറസ്റ്റ് ഓഫീസറായിരുന്ന ബീന ബാബു എന്നിവർക്കെതിരെ തെളിവു നശിപ്പിക്കൽ, വ്യാജരേഖ ചമയ്ക്കൽ എന്നീ സംഭവങ്ങളിൽ നടപടി വേണമെന്നാണ് സിബിഐയുടെ ശിപാർശ.

കേസിൽ പ്രതിയായ വില്യം ഡിക്രൂസിനെതിരെയും വ്യാജരേഖ ചമയ്ക്കലുമായി ബന്ധപ്പെട്ട പരാമർശമുണ്ട്. മത്തായിയെ കിണറ്റിൽ വീണു മരിച്ച ശേഷമാണ് ഇദ്ദേഹത്തെ കസ്റ്റഡിയിലെടുത്തതുമായി ബന്ധപ്പെട്ട് വനപാലകർ രേഖകൾ നിർമിക്കാൻ ശ്രമിച്ചിട്ടുള്ളതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

വനാതിർത്തിയിലെ കാമറ കാണാതായ സംഭവവുമായി ബന്ധപ്പെട്ടു മത്തായിയെ കസ്റ്റഡിയിലെടുത്തുവെന്നാണ് വനപാലകരുടെ വിശദീകരണമെങ്കിലും ഇതു സംബന്ധമായ രേഖകളൊന്നും വനപാലകരുടെ പക്കലുണ്ടായിരുന്നില്ല.

കാമറ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട പോലീസിൽ പരാതി നൽകേണ്ടതായിരുന്നുവെങ്കിലു അതുണ്ടായിട്ടില്ല. മത്തായി മരിച്ചതിനേ തുടർന്ന് സ്ഥലത്തുനിന്നു രക്ഷപ്പെട്ട വനപാലകർ സ്റ്റേഷനിലെത്തിയ ശേഷം രേഖകൾ കൃത്രിമമായി സൃഷ്ടിക്കാൻ ശ്രമിച്ചതായി കണ്ടെത്തിയതോടെയാണ് മത്തായിയെ അനധികൃതമായി കസ്റ്റഡിയിലെടുത്താണെന്നു വ്യക്തമായത്.

# ഒറ്റപ്പാലത്ത് ബംഗാൾ സ്വദേശി വ്യാജ ഡോക്ടർ അറസ്റ്റിൽ

പാലക്കാട്: ഒറ്റപ്പാലത്ത് വ്യാജ ഡോക്ടർ അറസ്റ്റിൽ. ആയുർവേദ, അലോപ്പതി ഡോക്ടർ എന്ന വ്യാജേന ചികിത്സ നടത്തിയിരുന്ന പശ്ചിമബംഗാൾ സ്വദേശി വിശ്വനാഥ് മേസ്തിരി (36) ആണ് പിടിയിലായത്. ഇയാൾ കണ്ണിയമ്പുറത്ത് കഴിഞ്ഞ രണ്ടുവർഷമായി ചികിത്സ നടത്തിവരികയായിരുന്നു. ഇയാൾക്കെതിരെ നിരവധി പരാതികൾ സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിരുന്നു. ആയുർവേദത്തിന് പുറമേ അലോപ്പതി ചികിത്സയും യുവാവ് നടത്തിയിരുന്നു. പരാതികൾ സംസ്ഥാന പോലീസ് മേധാവി ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറി. തുടർന്ന് ആരോഗ്യ വിഭാഗം ഒറ്റപ്പാലത്ത് നടത്തിയ പരിശോധനയിലാണ് ഇയാൾ വ്യാജ ഡോക്ടറാണ് എന്ന് തിരിച്ചറിഞ്ഞത്.



മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള സംയുക്ത പരിശോധന ജനുവരി 16 ന് നടത്തുന്നതിന്റെ ഭാഗമായി കളക്ടറുടെ അധ്യക്ഷതയിൽ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാതല യോഗം ചേർന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.